3852

# ശ്രീമതി
# കമലാനെഹറു

H 219

വിദ്വാൻ, എ. എൻ. രാഘവൻ നായർ.

ശ്രീമതി

# കമലാനെഹറു

H. 219
3852

ശ്രീ കൃഷ്ണ വിലാസം
ഗ്രന്ഥശാല,
മലയിൻകീഴ്

ഗ്രന്ഥകർത്താ:

വിദ്വാൻ, എ. എൻ. രാഘവൻനായർ.

രാ: ഭാ: വിശാരദ്, ഹിന്ദിപ്രചാരക്.

TRICHUR

SARASWATHI (ELEC.) PTG. & PBG. HOUSE,

1st Edition—1949 September/1125 Kanni—1000 പ്രതി.

Price 0-8-0] All Rights Reserved [വില 0-8-0

3852

# രണ്ടുവാക്ക്.

ശ്രീ കൃഷ്ണ വിലാസം ഗ്രന്ഥശാല, മലയിൻകീഴ്

ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു്, ഭാരതമാതാവിന്റെ സ്വാതന്ത്ര്യസമ്പാദനത്തിനായി പ്രാണാൎപ്പണം ചെയ്തിട്ടുള്ള മഹതീമഹാന്മാരുടെ സംഖ്യ വിരളമല്ല. സൌഭാഗ്യങ്ങളുടെ മദ്ധ്യേ ഉദയം ചെയ്തു്, സൌഭാഗ്യങ്ങളിൽ തന്നെ വളൎന്നു്, അതിൽതന്നെ അസ്തമിച്ച ഒരു മഹിളാരത്നമാണു് ശ്രീമതി കമലാ നെഹ്റു. ഒരു ആദൎശ നാരിയായി—ഭാരതീയൎക്കഭിമാനസ്തംഭമായി—ഭാരതീയനാരികൾക്കു് മാൎഗ്ഗദൎശിനിയായി—സ്വജീവിതം അവസാനിപ്പിച്ച ശ്രീമതി കമലാ നെഹ്റുവിനെ 1932-ൽ ആലപ്പുഴവച്ചു് നേരിട്ടു കാണുന്നതിനും, അവരുമായി സംഭാഷണം ചെയ്യുന്നതിനുമുള്ള സൌഭാഗ്യം ഈ ഗ്രന്ഥകാരനുണ്ടായിട്ടുണ്ടു്. തദവസരം മുതൽ ആ മഹതിയെക്കുറിച്ചു് എന്റെ ഹൃദയത്തിൽ രൂഢമൂലമായിത്തീൎന്ന ഭക്തി ഒന്നു മാത്രമാണു് ഈ ചെറുഗ്രന്ഥരചനയിൽ എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്.

എന്റെ ഈ ശ്രമം കേരളീയരായ യുവതീയുവാക്കന്മാൎക്കു് അല്പമെങ്കിലും ഉപകാരപ്രദമായിത്തീരുന്നപക്ഷം ഞാൻ കൃതാൎത്ഥനായി.

പറവൂർ,
1-1-1125.

ഗ്രന്ഥകൎത്താവ്.

# വിഷയവിവരം.


| | | |
|---|---|---|
| 1. | ജനനവും ബാല്യവും | 1 |
| 2. | വിവാഹം | 4 |
| 3. | ദാമ്പത്യജീവിതം | 6 |
| 4. | രാഷ്ട്രീയരംഗത്തിൽ | 11 |
| 5. | രോഗശയ്യയിൽ | 15 |
| 6. | വീണ്ടും രാഷ്ട്രീയരംഗത്തിൽ | 18 |
| 7. | ജയിൽവാസം | 29 |
| 8. | മോതിലാലിന്റെ മരണം | 31 |
| 9. | പ്രവർത്തകസമിതിയിൽ | 36 |
| 10. | ചരമം | 41 |
| 11. | ഉപസംഹാരം | 44 |

3852
ശ്രീ കൃഷ്ണവിലാസം ഗ്രന്ഥശാല,

# ശ്രീമതി
# കമലാനെഹ്റു

## ൧. ജനനവും ബാല്യവും

പൌരാണികകാലം മുതല്ക്കേ അനേകം വീരരമണികളുടെ മാതൃപദം അലങ്കരിക്കുന്നതിനുള്ള ഭാഗ്യം ഭാരതത്തിനുണ്ടായിട്ടുണ്ടു്. ചിറവൂരിലെ പത്മിനി, ഝാംസിയിലെ റാണി ലക്ഷ്മിബായി, റാണി സാർന്ധ തുടങ്ങിയ വീരാംഗനമാരുടെ പാവനനാമം കേൾക്കുമ്പോൾ കോൾമയിർക്കൊള്ളാത്ത—അഭിമാനം ജ്വലിക്കാത്ത—ഒരു വ്യക്തിപോലും ഭാരതത്തിൽ ഉണ്ടെന്നു് തോന്നുന്നില്ല. ആധുനികകാലത്തു് ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തിൽ ഭാരതജനതയെ നയിച്ച ഒരു വീരമഹിളാരത്നമാണു് ശ്രീമതി കമലാനെഹ്റു. ഭാരതീയരെ ആകമാനം തീരാദുഃഖത്തിൽ നിമഗ്നരാക്കിയിട്ടു് കാലയവനികയ്ക്കുള്ളിൽ തിരോധാനംചെയ്ത ആ മഹതിയുടെ ചരിത്രം വിദ്യാർത്ഥികൾക്കു് ഉപയോഗപ്രദമായിരിക്കുമെന്നുള്ളതിൽ പക്ഷാന്തരമില്ല.

ജയപുരത്തിൽ "ജയകൃഷ്ണൻ അടൽ" എന്ന വിഖ്യാതനായ ഒരു ബ്രാഹ്മണസത്തമൻ ഉണ്ടായി

രുന്നു. സന്താനലാഭത്തിനു വേണ്ടി അദ്ദേഹം പല സൽകർമ്മങ്ങൾ നടത്തി എങ്കിലും അതിൽ നിരാശനായിത്തീരുകയാണു ചെയ്തതു്. അവസാനം ജവാഹർലാൽ എന്ന പേരോടുകൂടിയ ഒരു കുട്ടിയെ അടൽ ദത്തെടുത്തു. ബാല്യത്തിലെതന്നെ സമർത്ഥനായ ഈ കുട്ടി കാലാന്തരത്തിൽ ഡൽഹിയിലെ പ്രമുഖ വണിക്ശ്രേഷ്ഠനായ "ജവാഹർലാൽകൌൽ" എന്ന പേരിൽ പ്രഖ്യാതനായിത്തീർന്നു. ഡൽഹിയിലെ വ്യാപാരപ്രമുഖന്മാരിൽ കൌൽ ഒരു ഉന്നതസ്ഥാനമാണു് അലങ്കരിച്ചിരുന്നതു്. ഏതെല്ലാം തരത്തിലുള്ള വ്യാപാരങ്ങളിലാണു് അദ്ദേഹം ഏർപ്പെട്ടിരുന്നതെന്നു പറയുകസാദ്ധ്യമല്ല. അദ്ദേഹം ചെയ്യാതെയുള്ള വ്യാപാരങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ലെന്നാണു പറയപ്പെട്ടുന്നതു്. അദ്ദേഹത്തിൻെറ വ്യാപാരസാമർത്ഥ്യത്തെപ്പററി ഇന്നും ഡൽഹിയിലെ വ്യാപാരികൾ പ്രശംസിച്ചു പറയാറുണ്ടു്.

ക്രിസ്തുവർഷം 1900-ൽ ജവാഹർലാൽ കൌലിന്നു് ഒരു പെൺകുട്ടി ജനിച്ചു. ആ കുട്ടി തന്നെയാണു രാഷ്ട്രംഅതിൻെറ യഥാർത്ഥ ഐശ്വര്യദേവതയായി കരുതിവന്നിരുന്ന ശ്രീമതി കമല. "കൈലാസനാഥ്കൌൽ" എന്ന ഒരു കനിഷ്ഠസഹോദരനും കമലയ്ക്കുണ്ടായിരുന്നു. കമലയുടെ ബാല്യകാലം പിതാവിൻെറ വാത്സല്യ സമ്പൂർണ്ണമായ പരിലാള

നത്തിൽ കഴിഞ്ഞു. രാജകുമാരികൾക്കുപോലും അലഭ്യമായിരുന്ന സ്നേഹവാത്സല്യങ്ങൾക്കിടയിലാണു കമല വളൎന്നതു്.

കാശ്മീരി ബ്രാഹ്മണസ്ത്രീകൾ മൂടുപടം ഉപയോഗിക്കുക അക്കാലത്തു സാധാരണമായിരുന്നു. ഇതിനും പുറമെ ഇന്നത്തെപ്പോലെ സ്വാതന്ത്ര്യമായി സ്ത്രീകൾ റോഡുകളിലും മററും ഇറങ്ങി സഞ്ചരിക്കുന്ന പതിവും അന്നു് ഉണ്ടായിരുന്നില്ല. ഒരുപക്ഷെ, ഇന്നത്തെപ്പോലെയുള്ള വിദ്യാഭ്യാസം അന്നത്തെക്കാലത്തു സ്ത്രീകൾക്കു് ഉണ്ടായിരുന്നിരിക്കയില്ല. കുറച്ചു് ഉറുദ്ദും, ഹിന്ദിയും അഭ്യസിക്കുന്നതു പുരുഷന്മാർപോലും വിദ്യാഭ്യാസത്തിന്റെ മാനദണ്ഡമായി കരുതിവന്നിരുന്ന അക്കാലത്തു സ്ത്രീകളുടെ കാൎയ്യം പ്രത്യേകം പറയേണ്ടതില്ലല്ലൊ. കാശ്മീരി സ്ത്രീകൾ ഹിന്ദിമാത്രമാണു് അന്നു് അധ്യയനം ചെയ്തുവന്നിരുന്നതു്. ആ സമ്പ്രദായമനുസരിച്ചു കമലയും ഗൃഹത്തിൽവച്ചുതന്നെ ഹിന്ദി പഠിക്കുവാനാരംഭിച്ചു. അനന്തരം കമലക്കു 7 വയസ്സു് പ്രായമുണ്ടായിരുന്നപ്പോൾ അവർ തന്റെ ഒരു ബന്ധുവിനോടുകൂടെ പ്രയാഗയിൽ വന്നുചേൎന്നു. ജാൎജ്ജു് ടൌണിലുള്ള ഒരു ഗൃഹത്തിലാണു കഥാനായിക താമസിച്ചിരുന്നതു്. അവിടെവച്ചും അവർ അദ്ധ്യയനം തുടൎന്നുകൊണ്ടിരുന്നു. ഉന്നതനിലയിലുള്ള വിദ്യാഭ്യാസത്തിനു് ആ മഹതിക്കു സൌകൎയ്യം ഉണ്ടായി

രുന്നില്ലെങ്കിലും, ഹിന്ദി നല്ലതുപോലെ സ്വാധീനമായിരുന്നു. സാമാന്യമായ ഇംഗ്ലീഷ് ഭാഷാജ്ഞാനവും ഇതിനിടയിൽ കമല സമ്പാദിച്ചു. എന്നാൽ വിവാഹത്തിനുശേഷം മാത്രമാണു കഥാനായികയ്ക്കു് ഇംഗ്ലീഷിൽ വേണ്ടത്ര ജ്ഞാനം ഉണ്ടായിട്ടുള്ളതു്.

## ൨. വിവാഹം

കഥാനായിക പ്രയാഗയിൽ താമസിച്ചുകൊണ്ടിരുന്ന കാലത്തു് അവരുടെ പിതാവും പണ്ഡിത് മോതിലാൽ നെഹറുവും തമ്മിൽ ഗാഢമായ ഒരു മൈത്രീബന്ധം ഉണ്ടായി. കമല വിനയാന്വിതയും, സൽഗുണസമ്പൂർണ്ണയുമായിരുന്നു. കമലയുടെ ഗുണവിശേഷങ്ങളിൽ മുഗ്ദ്ധനായിത്തീന്ന മോതിലാൽ സ്വപുത്രനെക്കൊണ്ടു കമലയെ വിവാഹം ചെയ്യിക്കണമെന്നു നിശ്ചയിച്ചു. പണ്ഡിത് ജവാഹർലാൽ നെഹറുവിൻെറ സ്വഭാവവിശേഷത്തിൽ കമലയുടെ മാതാപിതാക്കന്മാർ ആകൃഷ്ടരായിത്തീന്നതിൻെറ ഫലമായിട്ടാണു് ഈ വിവാഹം നടക്കുവാനിടയായതെന്നു പറയുന്ന ഒരു കൂട്ടരും ഉണ്ടു്. ഏതായാലും കമലയുടേയും, ജവാഹർലാൽ നെഹറുവിൻേറയും മാതാപിതാക്കന്മാരുടെ ആഗ്രഹവും, സന്തോഷവും കൊണ്ടുതന്നെയാണു വിവാഹം നടന്നതെന്നുള്ളതിൽ പക്ഷാന്തരമില്ല. കമലയുടേയും ജവാഹർലാലിൻേറയും വിവാ

ഹത്തെക്കുറിച്ചുള്ള സംഭാഷണം നേരത്തെതന്നെ, പ്രയാഗയിൽ പ്രചരിച്ചിരുന്നു. വിവാഹത്തിനു മുമ്പുതന്നെ ഇരുകൂട്ടർക്കും പരസ്പരം ദർശിക്കുന്നതിനും പരിചയപ്പെടുന്നതിനുമുള്ള അവസരം ലഭിച്ചു. ബാരിസ്റ്റർ പരീക്ഷയിൽ വിജയം സമ്പാദിച്ചു കൊണ്ടു ഭാരതത്തിൽ മടങ്ങി എത്തിയ ജവാഹർലാലിൻെറ അംഗങ്ങൾതോറും പാശ്ചാത്യപരിഷ്കാരം പ്രതിഫലിച്ചു കാണാമായിരുന്നു. പാശ്ചാത്യരീതിയിൽ വിവാഹം നടത്തണമെന്നുള്ളതായിരുന്നു പണ്ഡിത്ജിയുടെ അഭിപ്രായം. എന്നാൽ മാതാപിതാക്കന്മാരെക്കുറിച്ച് അദ്ദേഹത്തിനുള്ള സ്നേഹവും ഭക്തിയും അന്യാദൃശംതന്നെയായിരുന്നു. തന്നിമിത്തം മാതാപിതാക്കന്മാരുടെ ആജ്ഞാനുസരണം ഭാരതീയ ആദർശവും രീതിയും അനുസരിച്ച് അദ്ദേഹത്തിനു കമലയെ വിവാഹം ചെയ്യേണ്ടിവന്നു. 1916-ൽ കമലയും ജവാഹർലൽ നെഹറുവും തമ്മിലുള്ള വിവാഹം അത്യന്തം ആഡംബരപൂർവ്വം ആഘോഷിക്കപ്പെട്ടു. ഇരുപക്ഷത്തുനിന്നും വിവാഹാവസരത്തിൽ ധാരാളം പണം ചെലവുചെയ്തു. വിവാഹാനന്തരം നാനാജാതി മതസ്ഥരായ സുഹൃത്തുക്കളെ ക്ഷണിച്ചുവരുത്തി മോതിലാൽ നെഹറു നടത്തിയ വിരുന്നുസല്ക്കാരം ഇന്നും പ്രയാഗാനിവാസികളുടെ പ്രശംസയ്ക്കു വിഷയമായിത്തീൎന്നിട്ടുണ്ട്.

# ൯. ദാമ്പത്യജീവിതം

വിവാഹത്തിനുശേഷം കമല ആനന്ദഭവനത്തിൽ വാസമാരംഭിച്ചു. നെഹ്റുവിനും കമലയ്ക്കും തമ്മിലുള്ള പൊരുത്തം അനന്യസാധാരണവും അസൂയാജനകവുമായിരുന്നു. നെഹ്റുവിനെ ഭൎത്താവായി ലഭിച്ചതുനിമിത്തം കഥാനായിക എത്രമാത്രം ആദരണീയയായിത്തീൎന്നുവോ, അതിനേക്കാൾ കൂടുതൽ കമലയെ പത്നിയായി ലഭിച്ചതുകൊണ്ടു ജവാഹർലാലും ധന്യനായിത്തീൎന്നു. നെഹ്റുതന്നെ സ്വയം സമ്മതിച്ചിട്ടുള്ള ഒരു പരമാൎത്ഥമാണിതു്. ആനന്ദഭവനത്തിലെ അല്പനാളത്തെ താമസത്തിനിടയിൽ കഥാനായിക തന്റെ പെരുമാററവിശേഷത്താൽ ആ ഭവനത്തിലുള്ളവരെ എല്ലാം ആകൃഷ്ടരാക്കിത്തീൎത്തു. മോതിലാൽജിയും സ്വരൂപറാണിയും സ്വന്തം സന്താനങ്ങളെക്കാൾ കൂടുതൽ സ്നേഹവാത്സല്യങ്ങളോടുകൂടെയാണ കമലയോടു പെരുമാറിവന്നിരുന്നതു്. കമലയും, സ്നേഹത്തോടും ഭക്തിയോടും കൂടെ ശ്വശുരനേയും ശ്വശ്രുവിനേയും ശുശ്രൂഷിച്ചുവന്നു. ശ്വശുരനൊ, ശ്വശ്രുവിനൊ അപ്രിയംതോന്നത്തക്കവിധത്തിലുള്ള യാതൊരു പ്രവൃത്തിയും കമല ചെയ്തിരുന്നില്ല ജവാഹർലാലിനേയും കമലയേയും ഒരുമിച്ചുകാണുന്ന അവസരങ്ങളിലെല്ലാം, ശ്രീരാധയും കൃഷ്ണനുമാണ തന്റെമുമ്പിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നതെന്നു മോതിലാൽ വിശ്വ

സിച്ചിരുന്നു. അദ്ദേഹത്തിനു് തന്റെ പുത്രവധുവിനോടുണ്ടായിരുന്ന സ്നേഹാദരങ്ങൾ എത്രമാത്രമായിരുന്നു എന്നു് ഓരോ ഘട്ടങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള കാര്യമാണു്. ഭർത്തൃസഹോദരിമാരോടുള്ള കമലയുടെ പെരുമാററവും പ്രശംസനീയംതന്നെയായിരുന്നു. വിജയലക്ഷ്മിപണ്ഡിത്, കൃഷ്ണാനെഹറു, കമല എന്നിവർചേർന്നു രാഷ്ട്രീയപ്രക്ഷോഭണങ്ങൾ നയിക്കുന്നതു കണ്ടിട്ടുള്ളവർ അവരുടെ പരസ്പരസ്നേഹത്തെക്കുറിച്ചു മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടു്. പ്രശാന്തസുന്ദരമായ ഒരു ദാമ്പത്യജീവിതമാണു കഥാനായിക നയിച്ചിട്ടുള്ളതു്, ആധുനിക ലോകത്തിലെ ഒരു മഹിളയായിട്ടാണു് അവർ ജീവിച്ചിരുന്നതും. എന്നാൽ ഭർത്താവു് അവരുടെ ആരാധ്യദേവൻ തന്നെയായിരുന്നു. സ്വഭർത്താവിന്റെ ആവശ്യങ്ങളെ സന്ദർഭാനുസരണം അറിഞ്ഞു പ്രവർത്തിക്കുന്നതിൽ കമലയ്ക്കുണ്ടായിരുന്ന സാമർത്ഥ്യം ഒന്നു വേറെ തന്നെയാണു്. പണ്ഡിത് നെഹറുവിനെ അതാതു സന്ദർഭങ്ങൾക്കനുസരിച്ചു വേണ്ട ഉത്തേജനം നല്കി കർമ്മക്ഷേത്രത്തിലേക്കയച്ചിരുന്നതും കമല തന്നെയായിരുന്നു. അവർ കേവലം ഗൃഹത്തിനുള്ളിൽ കഴിയുന്ന ഒരു സ്ത്രീമാത്രമായിരുന്നില്ല, പ്രത്യുത, സ്വഭർത്താവിനു ശക്തിയെ പ്രദാനം ചെയ്യുന്ന ഒരു സഹപ്രവർത്തകകൂടെയായിരുന്നു, കമല. ഗൃഹത്തിലും, വിദേശങ്ങളിലുമെന്നപോലെ സമരാങ്കണത്തിലും ഭർത്താവിനെ അനുഗമിച്ചു വന്നു.

ഇന്നു് തൻെറ സഹധർമ്മിണിയെ പ്പററിയുള്ള സ്മരണയുണ്ടാകുമ്പോഠം ജവാഹർലാലിൻെറ വീരഹൃദയം തന്നെ തുടിച്ചു പോകാറുണ്ടു്. ഭാരതത്തിനു് ഒരു നവജീവൻ പ്രദാനം ചെയ്തുകൊണ്ടു് കാലയവനികയ്ക്കുള്ളിൽ തിരോധാനംചെയ്ത കമലയെ ഭക്തിപൂർവ്വമല്ലാതെ ഏതൊരു ഭാരതീയനും സ്മരിക്കാൻ സാധ്യമല്ല. പണ്ഡിത് നെഹറു അദ്ദേഹത്തിൻെറ ശരീരത്തെപ്പററി അല്പംപോലും ചിന്തിക്കാറുള്ള ഒരാളല്ല. ആഹാരകാര്യങ്ങളിൽപോലും ശ്രദ്ധ പതിപ്പിക്കുന്ന ഒരു പതിവു് അദ്ദേഹത്തിനില്ലെന്നാണു നെഹറുവിൻെറ സഹപ്രവർത്തകന്മാർ പറയാറുള്ളതു്. അദ്ദേഹത്തിൻെറ ഈ സ്വഭാവം കമലയ്ക്കു നല്ലതുപോലെ അറിയാമായിരുന്നു. പണ്ഡിതജിക്കു് ആവശ്യമുള്ള സാധനങ്ങഠം ഒരുക്കിവയ്ക്കുന്നതിലും, അദ്ദേഹത്തിനെ സമയത്തു് ആഹാരം കഴിപ്പിക്കുന്നതിലും കമല പ്രത്യേകം ശ്രദ്ധ പതിപ്പിച്ചുകൊണ്ടിരുന്നു. കമലയെപ്പോലെ തന്നെ നെഹറുവും സ്വപത്നിയെ ഹൃദയമെന്നോണം കരുതിയിരുന്നു. കമലയ്ക്കു് ഈശ്വരദത്തമായ സൌന്ദര്യസമ്പത്തു ധാരാളമുണ്ടായിരുന്നെങ്കിലും ആരോഗ്യസമ്പത്തു് ആ മഹതിയെ സംബന്ധിച്ചിടത്തോളം വളരെ കുറവായിരുന്നു. ഒരു പക്ഷെ, അവരുടെ രോഗംതന്നെയായിരിക്കാം അവരെ പുത്രലാഭത്തിൽനിന്നും വഞ്ചിച്ചിട്ടുള്ളതു്.

1916-ലാണു കമലയുടെ വിവാഹം നടന്നതെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. 1917-ൽ

തന്നെ അവർ ഒരു പെൺകുട്ടിയെ പ്രസവിച്ചു. ആ കുട്ടിയാണു ഇന്നു് ജവാഹർലാലിൻെറ "ഇന്ദിര" എന്ന പേരിൽ ലോകം മുഴുവൻ പ്രസിദ്ധയായി ത്തീർന്നിട്ടുള്ളതു്. കമലയെപ്പോലെതന്നെ ഇന്ദിരയും സുശീലയും ഗുണവതിയും, സൌന്ദര്യസമ്പന്നയുമാണു്. ഏഴുവർഷത്തിനുശേഷം കമല ഒരാൺ കുട്ടിയെയും പ്രസവിച്ചു. എന്നാൽ ആ കുട്ടി മൂന്നു ദിവസം മാത്രം ജീവിച്ചിട്ടു് ഇഹലോകവാസം വെടിയുകയാണുണ്ടായതു്. ഇതിനുശേഷം കഥാനായിക പ്രസവിക്കുകയുണ്ടായിട്ടില്ല. അന്നു മുതൽ രോഗശയ്യയെ അഭയംപ്രാപിച്ച കമല അന്തിമ സമയം വരെ രോഗാതുരയായിത്തന്നെ കഴിഞ്ഞു. ഒരു പൌത്രൻെറ മുഖം ദർശിക്കണമെന്നു മോതിലാലിനു് അതിയായ ആഗ്രഹമുണ്ടായിരുന്നു. ചില അവസരങ്ങളിലെല്ലാം അദ്ദേഹം തൻെറ ഈ ഹൃദയാഭിലാഷത്തെ ഗൃഹത്തിനുള്ളിൽ പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. കമലയുടെ ആരോഗ്യം പ്രതിദിനം ക്ഷയിച്ചുവരികയും, അവരെ ആരോഗ്യവതിയായി കാണുക സാദ്ധ്യമല്ലെന്നും മോതിലാലിനുതോന്നി. തൽഫലമായി വംശരക്ഷയ്ക്കുവേണ്ടി രണ്ടാമതൊരുവിവാഹം ചെയ്യുവാൻ അദ്ദേഹം സ്വപുത്രനെ പ്രേരിപ്പിച്ചു. എന്നാൽ ജവാഹർലാലിനു സ്വപത്നിയോടുള്ള അഗാധപ്രേമംനിമിത്തം അദ്ദേഹം അച്ഛൻെറ ആഗ്രഹത്തിനു വിധേയനായിത്തീരാതിരിക്കുകയാണു ചെയ്തിട്ടുള്ള

ത്തു്. തൻെറ സഹധർമ്മിണിയുടെ ആരോഗ്യത്തെ വീണ്ടെടുക്കുന്നതിനായി ജവാഹർലാൽ ചെയ്യാത്തതായി ഒന്നുംതന്നെ ബാക്കിയില്ല. അനേകം പ്രാവശ്യം വിദേശയാത്രചെയ്തു! അനവധി നാഠം അവരുടെ അടുക്കൽതന്നെ ഇരുന്നു ശുശ്രൂഷകഠം നടത്തി. ലക്ഷകണക്കിനു പണം ചെലവഴിച്ചു. ഇതെല്ലാം അദ്ദേഹത്തിനു തൻെറ പ്രേയസിയോടുള്ള നിഷ്ക്കളങ്കവും, നിസ്സീമവുമായ പ്രേമത്തിൻെറ ഉദാഹരണങ്ങളല്ലേ! വംശം നിലനിർത്തുവാൻ സന്താനങ്ങളില്ലല്ലൊ എന്നുള്ള ദുഃഖാധിക്യത്താൽ ഒരിക്കൽ മോതിലാൽജി ജവഹർലാലിനോടു് "ഈ ആനന്ദഭവനത്തിൽ അവസാനം ഒരു ദീപം കൊളുത്തിവയ്ക്കുവാൻ ആരുണ്ടു്" എന്നു ചോദിച്ചു. അപ്പോഠം ഒരു ചെറുമന്ദസ്മിതത്തോടുകൂടി ജവാഹർലാൽ ഇന്ദിരയെ ചൂണ്ടികാണിക്കുകയാണു ചെയ്തതു്.

വിവാഹത്തിനുശേഷം ഏകദേശം മൂന്നുകൊല്ലംവരെ പണ്ഡിത്നെഹറു ബാരിസ്റ്റർവൃത്തിയിൽ ഏർപ്പെട്ടിരുന്നു. ഭാരതത്തിലെ രാഷ്ട്രീയാന്തരീക്ഷത്തിൽ വിഹരിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിനു് അഭിഭാഷകവൃത്തിയിൽ തീരെ ഇഷ്ടമുണ്ടായിരുന്നില്ല ആയതിനാൽ സന്ദർഭം കിട്ടുമ്പോഴെല്ലാം അദ്ദേഹം രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുത്തുവന്നിരുന്നു. അദ്ദേഹത്തിൻെറ രാഷ്ട്രീയ ചിന്തകളുടെ

പ്രതിഫലനം കമലയിലുമുണ്ടായി. പണ്ഡിതജി യുടെ ജീവിതത്തിലുണ്ടായ പരിവർത്തനം കമല യിലും ചില വ്യതിയാനങ്ങളുളവാക്കി. ഏതാനും നാളുകൾക്കുശേഷം കമല രാഷ്ട്രത്തിൻെറ ഒരു ഉത്തമ നായികയായി പ്രശോഭിക്കുവാൻ തുടങ്ങി.

## ൧. രാഷ്ട്രീയ രംഗത്തിൽ

ഇക്കാലത്താണു കുപ്രസിദ്ധമായ പഞ്ചാബിലെ നരവേട്ട നടന്നതു്. നാട്ടുമുഴുവൻ ഒരിളക്കമുണ്ടായി. ഭാരതത്തിൻെറ തെക്കെ അററം മുതൽ വടക്കെ അററം വരെയുള്ള ആളുകൾ ഗവമ്മേണ്ടിൻെറ ഈ ക്രൂരകൃത്യത്തെ ആക്ഷേപിക്കുവാൻ തുടങ്ങി. പണ്ഡിത് മോതിലാലും, ജവാഹർലാലും ശക്തിയേറിയ ഭാഷയിൽ ഗവമ്മേൻറിൻെറ ഈ പ്രവൃത്തിയെ അധിക്ഷേപിച്ചു. പഞ്ചാബിലെ കൂട്ടക്കൊല ജവാ ഹർലാലിൻെറ ഹൃദയത്തെ വല്ലാതെ ക്ഷതമേ ല്പിച്ചു. അശരണരും ദരിദ്രന്മാരുമായ ആളുകളെ കുറിച്ചുള്ള ചിന്ത അദ്ദേഹത്തിൻെറ ഹൃദയ കുല ത്തെ കുത്തി ഇളക്കി. പഞ്ചാബിലെ കിരാതവേട്ട കഴിഞ്ഞതു മുതല്ക്കാണു്, സ്നേഹമയിയും ദയാർദ്രയു മായ കമലയിൽ സ്വദേശപ്രേമം ഗാഢമായി വേരുറക്കുവാൻ തുടങ്ങിയതു്. കമലയെ രാഷ്ട്രീയ രംഗത്തിലേക്കിറക്കിയതു് ജവാഹർലാൽജി ആയി രുന്നെങ്കിലും ആദ്യകാലം മുതൽതന്നെ ആ മഹ

തിയിൽ സ്വദേശപ്രേമം അങ്കുരിച്ചിരുന്നു. ആനന്ദഭവനത്തിനുള്ളിൽ യഥാർത്ഥമായ ഒരു രാജകീയ ജീവിതമാണു് അവർ നയിച്ചിരുന്നതെന്നു വരികിലും, ദരിദ്രന്മാരെക്കുറിച്ചുള്ള സഹതാപം ആ മഹതിയിൽ സീമാതീതമായുണ്ടായിരുന്നു ദരിദ്രരോടുള്ള സഹതാപമാണു വാസ്തവത്തിൽ ആ വീരാംഗനയെ രാഷ്ട്രീയ രംഗത്തിലേക്കു് നയിച്ചതു്. ദരിദ്രരെ ഉദ്ധരിക്കുവാൻവേണ്ടി ആ ആദർശവനിത തൻെറ സകല സുഖങ്ങളേയും ത്യജിച്ചു. പഞ്ചാബിലെ കൂട്ടക്കൊലക്കുശേഷം ഭാരതത്തിലെ ആബാലവൃദ്ധം ജനങ്ങളിൽ സ്വാതന്ത്ര്യതൃഷ്ണ അത്യധികമായി വർദ്ധിച്ചു. ഭാരതാന്തരീക്ഷം ജയധ്വനികളാൽ മുഖരിതമായിക്കൊണ്ടിരുന്നു. ഈ അവസരത്തിൽ നിസ്സഹകരണപ്രസ്ഥാനത്തിലേക്കു് മഹാത്മജി നാടിനെ ആഹ്വാനംചെയ്തു. വക്കീലന്മാർ കോടതികളും, വിദ്യാർത്ഥികൾ വിദ്യാലയങ്ങളും ബഹിഷ്കരിക്കുവാൻതുടങ്ങി. പണ്ഡിത് ജവാഹർലാൽജി അഭിഭാഷകവൃത്തി ഉപേക്ഷിച്ചു നിസ്സഹകരണപ്രസ്ഥാനത്തിൽ പങ്കെടുത്തു. അദ്ദേഹം ജയിലിനുള്ളിൽ അടയ്ക്കപ്പെട്ടപ്പോൾ പതിവ്രതാരത്നമായ കമലയ്ക്കു് എങ്ങനെ ഗൃഹത്തിനുള്ളിൽ അടങ്ങി ഇരിക്കുവാൻ കഴിയും? ആ മഹതിയും ദേശപ്രേമത്താൽ പ്രേരിതയായി ഗൃഹത്തിനുള്ളിൽനിന്നും സമരാങ്ക

ണത്തിലേക്കിറങ്ങി. തൻെറ സകല സുഖങ്ങളും അവർ ഭാരതമാതാവിൻെറ തൃപ്പാദങ്ങളിൽ അർപ്പണംചെയ്തു.

1920 ഉം 21 ഉം ഭാരതത്തിൻെറ സ്വാതന്ത്ര്യചരിത്രത്തിൽ ഒരു നവീനാദ്ധ്യായം സൃഷ്ടിക്കുകതന്നെ ചെയ്തിട്ടുണ്ട്. ഗാന്ധിജി നിസ്സഹകരണപ്രസ്ഥാനം പ്രഖ്യാപനം ചെയ്തതോടുകൂടി ഭാരതമെങ്ങും അത്ഭുതപൂർവ്വമായ ഒരുണർവ്വും ഇളക്കവുമുണ്ടായി. ഗാന്ധിജിയുടെ വ്യക്തിമാഹാത്മ്യത്താൽ ജനങ്ങൾ പ്രേരിതരായിത്തീർന്നു. ഭാരത നഭോമണ്ഡലം ജയധ്വനികളാൽ മാറ്റൊലിക്കൊണ്ടു. ഈ പ്രസ്ഥാനം നടന്നുകൊണ്ടിരുന്ന കാലത്ത് ജനങ്ങൾ മോതിലാലിനേയും, ജവാഹർലാലിനേയും തങ്ങളുടെ അനിഷേദ്ധ്യനേതാക്കന്മാരായി കരുതിവന്നു. ജനങ്ങൾ ഈ പിതൃപുത്രന്മാരെപ്പററി സ്വകപോലകല്പിതങ്ങളായ പല കഥകളും പറഞ്ഞുവന്നിരുന്നു. നിസ്സഹകരണപ്രസ്ഥാനം പ്രഖ്യാപനം ചെയ്തതു മഹാത്മാഗാന്ധി ആയിരുന്നെങ്കിലും അതിനെ വിജയപ്രദമാക്കിത്തീർത്തത് നെഹറു കുടുംബത്തിൻെറ വിശിഷ്ട ത്യാഗമാണെന്നു നിസ്സംശയം പറയാം. നെഹറുകുടുംബത്തിൻെറ ത്യാഗചരിത്രം കേൾക്കുവാനിടയായിട്ടുള്ള ഗ്രാമീണർ രണാങ്കണത്തിലേക്കു പാഞ്ഞെത്തുവാൻ തുടങ്ങി. പ്രയാഗയിലെ സുപ്രസിദ്ധ

മായ മാഘോത്സവത്തിൽ പങ്കുകൊള്ളുവാൻ ദൂര ദേശങ്ങളിൽനിന്നും വന്നുകൊണ്ടിരുന്ന ഗ്രാമീണരെക്കൊണ്ടു് ആനന്ദഭവനം നിറഞ്ഞുകൊണ്ടിരുന്നു. പശ്ചാത്തലൻ ദാരിദ്ര്യംകൊണ്ടു് നരകയാതനയനുഭവിക്കുന്ന ഗ്രാമീണരെ ഉദ്ധരിക്കുവാൻവേണ്ടി ഗ്രാമങ്ങളിലേക്കും; ഭർത്താവു് ജയിലിനുള്ളിലേക്കും പുറപ്പെട്ടു. ഈ അവസരത്തിൽ കമലയും അവരെ തന്നെ അനുഗമിച്ചു. സുഖസമ്പൂർണ്ണമായ ജീവിതം പാടെ പരിത്യജിച്ചു് ദേശത്തിനുവേണ്ടി ആപത്തുകളേയും കഷ്ടതകളേയും കമല സ്വയം അഭിമുഖീകരിക്കുവാൻ തുടങ്ങി.

ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ചു് ആളുകൾ വിദേശവസ്ത്രങ്ങൾ ബഹിഷ്കരിക്കുവാനും ദഹിപ്പിക്കുവാനും ആരംഭിച്ചു. കമലയും തൻെറ വിലയേറിയ വസ്ത്രങ്ങളെല്ലാം അഗ്നിദേവതക്കർപ്പണംചെയ്തു. എന്നാൽ ആ മഹതി ഇതുകൊണ്ടു മാത്രം തൃപ്തയാകാതെ മററുള്ളവരേയും അതിനു പ്രേരിപ്പിക്കുവാൻതുടങ്ങി. കമല ജീവിച്ചിരുന്ന കാലമത്രയും സ്വദേശിപ്രചരണം തൻെറ കർത്തവ്യമായി കരുതി വന്നിരുന്നു. ഗ്രാമങ്ങളിൽ ചുററി സഞ്ചരിച്ചു് ഗ്രാമീണരുടെ ഇടയിൽ പ്രസംഗങ്ങൾ നടത്തിവന്നു. നിസ്സഹകരണപ്രസ്ഥാനകാലത്തു നെഹറു കുടുംബത്തിലെ അംഗനാമണികളുടെ ത്യാഗം മററു ഭാരത വനിതകളെ

ആ പ്രസ്ഥാനത്തിലേക്കു കൂട്ടതലായാകർഷിച്ചു. വർത്തമാനപത്രങ്ങൾ ഈ ലലനകളുടെ ത്യാഗത്തെപ്പററി മുഖപ്രസംഗങ്ങൾ എഴുതി. കമല സ്വദേശി പ്രചരണത്തിലേപ്പെട്ടുകയല്ലാതെ, ആ സമയത്തു കൂട്ടതലായി മററൊന്നും ചെയ്തിരുന്നില്ല. എന്നാൽ അവരുടെ പാവനനാമം ദേശത്തിനാകമാനം ഒരുണർവും ഉത്സാഹവും ഉണ്ടാക്കിത്തീർത്തു.

## ൭. രോഗശയ്യയിൽ

വിവാഹത്തിനുശേഷം വളരെ കുറച്ചുകാലം മാത്രമേ കമലയ്ക്കു് ആരോഗ്യവതിയായിരിക്കുന്നതിനു സാധിച്ചുള്ളു. ബാക്കിയുള്ള അവരുടെ ജീവിതകാലം മുഴുവൻ അവർ രോഗിയായിട്ടാണു കഴിഞ്ഞുകൂടിയിട്ടുള്ളതു്. ഒരിക്കലും സ്വൈരമായിരിക്കുവാൻ നിവൃത്തിയില്ലാതെയിരുന്ന ഒരു മഹാരോഗത്തിൻെറ മുഷ്ടിയിലാണു് അവർ അകപ്പെട്ടിരുന്നതു്. 1920_നുശേഷം കഥാനായികയ്ക്കു ക്ഷയരോഗത്തിൻെറ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. അതോടുകൂടെതന്നെ ഭർത്താവു് അടിക്കടി ജയിൽവാസം ആരംഭിക്കുകയും ചെയ്തു. ഇവ രണ്ടിൻെറയും ഫലമായി ആ മഹതിക്കു് മാനസികമായ വലിയ പീഡയുണ്ടായി. ആദ്യകാലത്തു പ്രയാഗയിൽതന്നെ അവരുടെ ചികിത്സകൾ നടന്നുവന്നു.

അതുകൊണ്ടു പറയത്തക്ക ഫലമൊന്നും ഇല്ലെന്നു കണ്ടപ്പോൾ ഡാക്ടർമാരുടെ ഉപദേശമനുസരിച്ചു "മൻസൂരി" മുതലായ മലംപ്രദേശങ്ങളിൽപോയി വാസമാരംഭിച്ചു. എന്നിട്ടും കമലയുടെ ആരോഗ്യത്തിനു പ്രത്യേക ലാഭമൊന്നും ഉണ്ടായില്ല. യൂറോപ്പിലെ സ്വിട്സർലണ്ടു് ആരോഗ്യദൃഷ്ട്യാ നോക്കുന്നതായാൽ പ്രസിദ്ധമായ ഒരു സുഖവാസസ്ഥലംതന്നെയാണു്. പ്രതിവർഷം അനേകായിരം രോഗികൾ അവിടെ ചെന്നു താമസിച്ചു് ആരോഗ്യം വീണ്ടെടുക്കാറുണ്ടു്. ജവാഹർലാൽജി കമലയുടെ ചികിത്സക്കുവേണ്ടി സ്വസഹോദരിയായ കൃഷ്ണായേയും കമലയേയും കൂട്ടിക്കൊണ്ടു സ്വിട്സർലണ്ടിലേക്കു പുറപ്പെട്ടു. സ്വിട്സർലണ്ടിലെ ജിനേവാ സാനിട്ടേറിയത്തിൽ അവർ വാസമാരംഭിച്ചു. ഏതാനുംകാലത്തെ അവിടുത്തെ ചികിത്സയാൽ കമലയ്ക്കു് ആരോഗ്യമുണ്ടായി. തദനന്തരം പണ്ഡിത്ജി അവരേയും കൂട്ടിക്കൊണ്ടു് യൂറോപ്പിലുള്ള പല ദേശങ്ങളിലും ഒരു പര്യടനം നടത്തി. ഈ പര്യടന വേളയിലാണു ജവാഹർലാൽ "ബ്രുസെൽസിൽ"വെച്ചു നടന്ന സാമ്രാജ്യവാദത്തിനെതിരായുള്ള യോഗത്തിൽ പങ്കെടുത്തതു്.

കമലാനെഹ്റു യൂറോപ്പിൽ നിന്നും മടങ്ങി ഭാരതത്തിലെത്തിയപ്പോൾ ഇവിടുത്തെ സ്ഥിതി വളരെ വിചിത്രമായിരുന്നു. നിസ്സഹകരണപ്ര

സ്ഥാനം നാമാവശേഷമായിത്തീൎന്നു. എങ്കിലും ബ്രിട്ടീഷുഭരണത്തോട്ട് ആളുകൾക്കുള്ള വെറുപ്പും അതൃപ്തിയും വൎദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. ഇക്കാലത്തു മദ്രാസിൽവച്ചു് കോൺഗ്രസ്സ് സമ്മേളനം നടക്കുകയും, പൂൎണ്ണസ്വാതന്ത്ര്യം പ്രഖ്യാപിക്കണമെന്നുള്ള ഒരു പ്രമേയം പണ്ഡിത് ജവാഹർലാൽ അവതരിപ്പിക്കുകയുംചെയ്തു. എന്നാൽ ആ പ്രമേയം പാസ്സായില്ല. അതിനുപകരം പുത്രികാഭരണം ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം പാസാക്കപ്പെട്ടു. തദനന്തരം നെഹറുകമ്മററി (മോതിലാൽ നെഹറു മുതലായവർ ചേൎന്നുള്ള കമ്മിററി) രൂപീകരിക്കുകയും, ആ കമ്മററിക്കാർ ചില കരടു നിയമങ്ങൾ എഴുതി തയാറാക്കുകയും ചെയ്തു. എന്നാൽ ജവാഹർലാൽജി അതിലെ താല്പൎയ്യങ്ങൾക്കനുകൂലമായിരുന്നില്ല. ലഖ്നൌവ്വിൽവെച്ചു വിവിധകക്ഷിക്കാരടങ്ങിയ ഒരു സമ്മേളനം നടക്കുകയും, നെഹറു റിപ്പോർട്ടിനെപ്പററിയുള്ള തീവ്രമായ വാദപ്രതിവാദങ്ങൾ നടക്കുകയും ചെയ്തു. ഈ വാദപ്രതിവാദങ്ങൾനിമിത്തം മോതിലാൽജിയും ജവാഹർലാൽജിയും തമ്മിൽ ഒരു വിരോധമുണ്ടാകുകയും, അതു ലാഹോർ കോൺഗ്രസ്സ് സമ്മേളനംവരെ നീണ്ടുനില്ക്കുകയുംചെയ്തു. പിതാവും പുത്രനും തമ്മിലുള്ള ഈ വിരോധം ഇല്ലാതെയാക്കുവാൻ കമല തീവ്രയത്നം ചെയ്തു. എന്നാൽ അതു് ഒരു രാഷ്ട്രീയപ്രശ്നമായിരുന്നതിനാൽ കമലയുടെ യത്നം നിഷ്ഫ

ലമായിത്തീൎന്നു. ഗാന്ധിജിയും ജവാഹർലാലിനെ ശാന്തനാക്കുവാൻ വളരെ യത്നിച്ചു. എന്നാൽ ദരിദ്രന്മാരേയും തൊഴിലാളികളേയും സ്നേഹിക്കുന്ന ജവാഹർലാലാകട്ടെ, അവരുടെ ഉന്നമനത്തിനു വിഘാതമായി നില്ക്കുന്ന യാതൊരു സംഗതിയോടും അനുകൂലിക്കാൻ തയാറായിരുന്നില്ല. തന്നിമിത്തം ഗാന്ധിജിയുടെ സന്ധിശ്രമവും വിഫലമായിത്തീരുകയാണു ചെയ്തതു്.

## ൩. വീണ്ടും രാഷ്ട്രീയരംഗത്തിൽ

**1926**-ൽ വീണ്ടും നാടു മുഴുവൻ ഒരു പ്രക്ഷോഭണക്കൊടുങ്കാററു വീശി. കൽക്കത്തയിൽ കോൺഗ്രസ്സ് സമ്മേളിച്ചപ്പോൾ ഒരു കൊല്ലത്തിനുള്ളിൽ ഗവമ്മേണ്ടു പുത്രികാഭരണം നല്കാത്തപക്ഷം കോൺഗ്രസ്സ് പൂൎണ്ണസ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്യുന്നതാണെന്നുള്ള ഒരു മുന്നറിയിപ്പ് ഒരു പ്രമേയം മുഖാന്തിരം ഗവമ്മേൻറിനെ അറിയിച്ചു. ഇതിനും പുറമെ, അടുത്ത സമരത്തിലേക്ക് നാടിനെ തയാറാക്കുവാൻ വേണ്ടി ഗ്രാമങ്ങൾതോറും വളണ്ടിയർ സേനയെ രൂപീകരിക്കുവാനും തുടങ്ങി. ഈ വിഷയത്തിൽ പ്രയാഗയിലെ പ്രചരണ ജോലിയുടെ നേതൃത്വം ശ്രീമതി കമലയെ

യാണു ഭരമേല്പിച്ചിരുന്നതു്. അവർ ധൎമ്മഭടസംഘ, സംഘം രൂപീകരിക്കുന്നതിനുമുമ്പു സ്വയം ഒരു വളണ്ടിയർ ആയിത്തീൎന്നു. തദനന്തരം ഊൎജ്ജസ്വലമായി പ്രവൎത്തനം ആരംഭിച്ചു. ഈ അവസരത്തിൽ പുരുഷന്മാരെപ്പോലെയുള്ള സൈനികവേഷമാണു കമല ധരിച്ചിരുന്നതു്. ശ്രീമതി കൃഷ്ണാനെഹറുവും ഈ വിഷയത്തിൽ അവരെ സഹായിച്ചിരുന്നു. ആ വീരാംഗനയെ സൈനികവേഷത്തിൽ കണ്ടിരുന്നവരെല്ലാം ആശ്ചൎയ്യപരതന്ത്രരായിത്തീൎന്നു. കഥാനായികയുടെ അനുസ്യൂതമായ പരിശ്രമഫലമായി പ്രയാഗയിലെ അനേകം ഉത്തമകുലജാതകളായ മഹിളകൾ ധൎമ്മഭടസംഘത്തിൽ അംഗങ്ങളായിച്ചേൎന്നു. ആ സ്ത്രീകൾ പ്രയാഗയിൽ വളരെ നാൾവരെ പ്രക്ഷോഭണം ശക്തിമത്തായി നയിച്ചു. വളണ്ടിയർ സേനയിൽ അനുദിനം സ്ത്രീകളുടെ സംഖ്യ വൎദ്ധിക്കുവാൻ തുടങ്ങിയപ്പോൾ കമലയുടെ ഉത്സാഹവും ശക്തിയും ശതഗുണീഭവിച്ചു. അവർ കാല്നടയായി യാത്രചെയ്യുന്നതു കണ്ടിട്ടു കാണികൾ ആനന്ദാശ്രു പൊഴിച്ചുകൊണ്ടിരുന്നു. താൻ ഭരമേല്ക്കുന്ന കാൎയ്യം കൃത്യനിഷ്ഠയോടും, ഉത്സാഹത്തോടുംകൂടി ചെയ്യുക എന്നുള്ളതു കഥാനായികയുടെ ഒരു പ്രത്യേകഗുണം മാത്രമായിരുന്നു. ആ മഹതിയുടെ പരിശ്രമഫലമായി പ്രയാഗയിലുള്ള സ്ത്രീ ജനങ്ങളിൽ രാഷ്ട്രീയബോധവും ദേശപ്രേമവും വൎദ്ധിക്കുവാൻ തുടങ്ങി.

കൽക്കത്താ കോൺഗ്രസ്സ് സമ്മേളനം ഗവമ്മേൻറിന് ഒരു കൊല്ലത്തെ അവധിയായിരുന്നല്ലൊ നല്കിയിരുന്നതു്. എന്നാൽ ഗവമ്മേൻറിൻെറ നയത്തിൽ പറയത്തക്ക പരിവത്തനമൊന്നും ഉണ്ടായില്ല. തൽഫലമായി ലാഹോർ കോൺഗ്രസ്സ് സമ്മേളിച്ചപ്പോ൦ പൂണ്ണസ്വാതന്ത്ര്യപ്രമേയം പാസാക്കപ്പെട്ടു. കോൺഗ്രസ്സിൻെറ ഈ പ്രഖ്യാപനത്തോടുകൂടെ ജനങ്ങളിൽ അത്ഭുതപൂവ്വമായ ഉദ്ബുദ്ധതയും ഉത്സാഹവും ഉളവായി. ഉപ്പുനിയമം ലംഘിക്കുന്നതിനെക്കുറിച്ചു മഹാത്മജി ഗവമ്മേൻറിനു മുന്നറിയിപ്പു നല്കി. തദനന്തരം ചരിത്രപ്രസിദ്ധമായ ദണ്ഡിയാത്രക്കുവേണ്ടി ഏതാനും ധമ്മഭടന്മാരോടുകൂടെ അദ്ദേഹം തയാറായി.

ഗാന്ധിജി ദണ്ഡിയിൽ എത്തിച്ചേരുകയും അവിടെവെച്ചു് ഉപ്പുനിയമം ലംഘിക്കുകയുംചെയ്തു. അതോടുകൂടെ ഭാരതമൊട്ടാകെ ഉപ്പു നിയമം ലംഘിക്കുവാൻ തുടങ്ങി. ഗാന്ധിജിയെ ദണ്ഡിയിൽ വച്ചു ബന്ധനസ്ഥനാക്കി. പണ്ഡിത് ജവാഹർലാൽ പ്രയാഗയിൽവച്ചുതന്നെ നിയമം ലംഘിച്ചു് ഉപ്പുണ്ടാക്കി. അന്നു് അദ്ദേഹം ബന്ധനസ്ഥനാക്കപ്പെട്ടില്ലെങ്കിലും, അതിൻെറ രണ്ടാമത്തേയൊ, മൂന്നാമത്തേയൊ ദിവസം അദ്ദേഹവും ബന്ധനസ്ഥനാക്കപ്പെട്ടു. പണ്ഡിതജിയുടെ ബന്ധനത്തോടുകൂടെ നാടുമുഴുവൻ ഉണ്ടായ ഉദ്ബുദ്ധതയിൽ കമലയുടെ ഹൃദയവും പ്രക്ഷുബ്ധമായിത്തീന്നു.

ഭർത്താവിനെ അറസ്റ്റുചെയ്തതിൻെറ പിറേറ ദിവസംതന്നെ കമലയും സമരാങ്കണത്തിലേക്കിറങ്ങി. ആ മഹതിയും സ്വന്തം കൈകൾകൊണ്ടു് ഉപ്പുണ്ടാക്കി. എന്നാൽ ഗവൺമെൻറു് അവരെ അറസ്റ്റുചെയ്തില്ല. കഥാനായിക ഒരു പ്രാവശ്യമല്ല, അനേകം പ്രാവശ്യം നിയമം ലംഘിച്ചു് ഉപ്പുണ്ടാക്കിയിട്ടുണ്ടു്. ദയാർദ്രയായ കമല ധർമ്മഭടന്മാക്കു് ആഹാരവും വസ്ത്രവും സ്വന്തമായി നല്കിവന്നിരുന്നു. പരദുഃഖംകണ്ടു സഹിച്ചിരിക്കുന്നതിനുള്ള ധൈര്യം കഥാനായികക്കുണ്ടായിരുന്നില്ല. ധർമ്മഭടന്മാക്കു് അവരുടെ ഈ സ്വഭാവം നല്ലതുപോലെ അറിയാമായിരുന്നു. തന്നിമിത്തം ഏതൊരാവശ്യങ്ങൾക്കും ധർമ്മഭടന്മാർ അവരെ തന്നെ സമീപിച്ചു വന്നിരുന്നു. ആ വീരാംഗന ഓരോ ധർമ്മഭടൻേറയും കാര്യത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കുകയും, എല്ലാവരോടും സ്നേഹപൂർവ്വം പെരുമാറിവരികയും ചെയ്തു.

അക്കാലത്തു് മോതിലാൽജി പ്രസ്ഥാനത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കാതെ കഴിയുകയായിരുന്നു. എന്നാൽ സ്വപുത്രൻെറ ബന്ധനത്തോടുകൂടെ അദ്ദേഹവും ക്ഷുഭിതനായിത്തീൎന്നു. മോതിലാൽജിയും നിയമം ലംഘിച്ചു് ഉപ്പുണ്ടാക്കി. ഇതിനും പുറമെ വിദേശവസ്ത്രബഹിഷ്ക്കരണത്തിനായി അദ്ദേഹം കച്ചവടക്കാരെ സമീപിച്ചുവന്നി

രുന്നു. വിദേശവസ്ത്രബഹിഷ്കരണത്തിൽ മോതിലാൽജി വിജയി ആയതോടുകൂടെ ഗവൺമെൻറ് അദ്ദേഹത്തിനെ അറസ്ററുചെയ്തു. 6 മാസത്തെ ശിക്ഷ വിധിച്ച് അദ്ദേഹവും കാരാഗൃഹത്തിനുള്ളിൽ അടയ്ക്കപ്പെട്ടു. മോതിലാൽജിയുടെ ബന്ധനം കൂടെ കഴിഞ്ഞപ്പോഴേക്കും കഥാനായിക അഗ്നിസ്ഫുലിംഗമെന്നോണം സമരാങ്കണത്തിൽ പ്രശോഭിക്കുവാൻ തുടങ്ങി. അവരുടെ കൃശഗാത്രത്തിനുള്ളിൽ വൈദ്യുത്പ്രവാഹംപോലുള്ള ശക്തിയും ഉത്സാഹവും നിറഞ്ഞു. നിയമലംഘനം അപ്പോഴേക്കും മന്ദീഭവിക്കുകയും, നിയമം ലംഘിക്കുന്നവരെ ബന്ധനത്തിലാക്കാതെയുമിരുന്നു. കോൺഗ്രസ്സ് പ്രവത്തകസമിതിയുടെ നിർദ്ദേശമനുസരിച്ചു ജനങ്ങളുടെ ശ്രദ്ധ വിദേശവസ്ത്രബഹിഷ്കരണത്തിലായി. പ്രയാഗയിൽ ഇതിൻെറ നേതൃത്വവും കമല തന്നെ ഏറെറടുത്തു. അവർ വലിയ വലിയ വ്യാപാരികളെ സന്ദർശിച്ചു വിദേശവസ്ത്രങ്ങൾ കെട്ടി മുദ്രവയ്ക്കുവാൻ തുടങ്ങി. കഥാനായികയുടെ ത്യാഗവും, കമ്മകുശലതയുംകണ്ടു് ആകൃഷ്ടരായിത്തീൎന്ന പ്രയാഗയിലെ പ്രമുഖവ്യാപാരികളെല്ലാം വിദേശവസ്ത്ര വ്യാപാരം നിത്തൽചെയ്തു. എന്നാൽ ചില കച്ചവടക്കാർ കച്ചവടം തുടൎന്നു കൊണ്ടുതന്നെയിരുന്നിരുന്നതിനാൽ കമല ഷാപ്പുകളുടെ മുമ്പിൽ പിക്കററിംഗ് ആരംഭിച്ചു. ആരോ മുകളിൽനിന്നും അഗ്നിവഷം ചെയ്യുകയാണൊ

എന്നു് തോന്നുമാറു് ഉഗ്രമായ ചൂടു്. ആ കൊട്ടും വെയിലത്തു് ശാരീരികസുഖം ഇല്ലാതിരുന്നിട്ടും കഥാനായിക അലഹബാദ്പട്ടണം മുഴുവൻ ചുററി സഞ്ചരിച്ചു ജനങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. ഒരു ദിവസം ശക്തിയേറിയ ഉഷ്ണവാതം വീശുന്നുണ്ടായിരുന്നു. ആകാശവും ഭൂമിയും ഒന്നുപോലെ തപിച്ചു. ഭൂമിയിലേക്കു കാലു ചവിട്ടുമ്പോൾ തീക്കനലിൽ ചവിട്ടുകയാണൊ എന്ന സന്ദേഹമേല്പെട്ടിരുന്നു. ഇങ്ങനെയുള്ള ഒരു മദ്ധ്യാഹ്നസമയത്തു കഥാനായിക പിക്കററിംഗിൽ ഏല്പെട്ടു. വസ്ത്രം വാങ്ങണമെന്നുള്ള ഉദ്ദേശത്തോടുകൂടി വരുന്നവർ കമലയെ കാണുകയും, അവരുടെ സ്നിഗ്ദ്ധകോമളമായ സ്വരം കേൾക്കുകയും ചെയ്യുമ്പോൾ ലജ്ജിതരായി മടങ്ങിപ്പോകുകയുമാണുണ്ടായിട്ടുള്ളതു്. വസ്ത്രം വങ്ങാൻ ആരും വരുന്നില്ലെന്നു കാണുമ്പോൾ ചൂടിൽ നിന്നും രക്ഷപ്പെടുവാൻ അവർ കാറിൽ കയറി ഇരിക്കുമായിരുന്നു. കഥാനായിക കാറിൽ ഇരിക്കുന്നതു കണ്ടിട്ടു് ഒരാൾ അയാളുടെ സ്നേഹിതനോടു "കമലാജി വിദേശവസ്ത്രങ്ങൾ ബഹിഷ്ക്കരിക്കുന്നുണ്ടെങ്കിലും, വിദേശത്തുണ്ടാക്കിയ മോട്ടോറിൽ കയറി ഇരിക്കുന്നുണ്ടു്" എന്നു പറഞ്ഞു. ഈ ശബ്ദം കേട്ടമാത്രയിൽ തന്നെ കാർ മടക്കിക്കൊണ്ടുപൊയ്ക്കൊള്ളുവാൻ അവർ ഡ്രൈവറോടു് ആജ്ഞാപിച്ചു. പഴുത്തു കിടക്കുന്ന മണലിൽ പഞ്ചാഗ്നിമദ്ധ്യേയുള്ള തപസ്സു് എന്നപോലെ കഥാ

നായിക പിക്കററിംഗ്ഗ് ആരംഭിച്ചു. ഒരു മനോഹരമായ ലത ഗ്രീഷ്മൎത്തുവിലെ ആതപമേററു വാടികിടക്കുന്നതുപോലെ, ആ കൊട്ടും വെയിലത്തു വിയൎപ്പും ഒലിപ്പിച്ചുകൊണ്ടുനിന്ന കമലയെ കണ്ടാൽ ഏതൊരു പാഷാണ ഹൃദയനും കണ്ണുനീർ വാൎത്തുപോകുമായിരുന്നു. കമലയുടെ ഈ നില കണ്ടപ്പോൾ ജനങ്ങൾ ക്ഷുഭിതരായിത്തീൎന്നു. പ്രക്ഷുബ്ധരായിത്തീൎന്ന ജനങ്ങളെ കമല തന്നെ സാന്ത്വനവചനങ്ങളാൽ ശാന്തരാക്കി. ഇതിന്നിടയിൽ വല്ല ആപത്തുകളും സംഭവിച്ചെങ്കിലൊ എന്നു ഭയന്നു സ്വാൎത്ഥലോലുപന്മാരായ കച്ചവടക്കാരും കച്ചവടം നിൎത്തി, ഷാപ്പുകൾ അടച്ചുപൂട്ടി. കഥാനായികയുടെ ദൃഢനിശ്ചയവും, ധൈൎയ്യവും, കണ്ടതോടുകൂടി പ്രയാഗനിവാസികൾ കൂടുതൽ ഉത്സാഭരിതരായിത്തീൎന്നു. അല്പദിവസങ്ങൾക്കുള്ളിൽ പ്രയാഗയിൽ വിദേശവസ്ത്രം വ്യാപാരം ചെയ്യുന്ന ഒരു ഷാപ്പുപോലും ഇല്ലാതെ ആയിത്തീൎന്നു.

കഥാനായിക പിക്കററിംഗ്ഗുചെയ്യുകമാത്രമല്ല ചെയ്തിരുന്നതു്, സ്വദേശിപ്രചരണത്തിന്നുവേണ്ടി ഗ്രാമങ്ങൾതോറും ചുററിസഞ്ചരിക്കുകയും ചെയ്തിരുന്നു. അവർ ഓരോ ഗ്രാമവും സന്ദൎശിച്ചു് അവിടെയുള്ള പ്രവൎത്തകന്മാരെ പൂൎവ്വാധികം പ്രോത്സാഹിപ്പിച്ചുവന്നു. കമലയുടെ സഹപ്രവൎത്തകരായിരുന്നവർ ഇന്നും അവരുടെ ഗുണഗണങ്ങളെ പ്രകീൎത്തിച്ചുകൊണ്ടു് അ

ശ്രുപൊഴിക്കാറുണ്ട്. ദേശസേവനത്തിൽ കമലയ്ക്കു
ണ്ടായിരുന്ന ഉത്സാഹവും ധൈര്യവും വലിയ വ
ലിയ നേതാക്കന്മാൎക്കുതന്നെ ഉണ്ടായിരുന്നോ എന്നു
സംശയമാണ്. ഗ്രാമീണരുടെ ദുഃഖപൂൎണ്ണമായ
ജീവിതവുമായി പരിചയപ്പെടുവാനിടയായ കമല
ആൎദ്രചിത്തയായത്തീരുകയും, അജ്ഞാതരൂപത്തിൽ
അശ്രുപ്രവാഹം നടത്തുകയും ചെയ്തിട്ടുണ്ട്. ആ
മഹതി ഗ്രാമീണരുടെ ഉന്നമനത്തിനുവേണ്ടി പ്രവ
ൎത്തിയ്ക്കുവാൻ തൻെറ ഭൎത്താവിനെ പ്രേരിപ്പിച്ചുവ
ന്നിരുന്നു. കഥാനായിക സ്വദേശി പ്രചരണാൎത്ഥം
ഒരിക്കൽ ഒരു ഗ്രാമം സന്ദൎശിച്ചപ്പോഠം ഗ്രാമീണർ
ആ മഹതിയുടെ ദൎശനത്തിനുവേണ്ടി തിങ്ങിക്കൂടി.
നിഷ്കളങ്കരായ ഗ്രാമീണരെ സ്വദേശി ധരിക്കേണ്ട
തിൻെറ ആവശ്യകതയെപ്പററി ലളിതകോമളമായ
ഭാഷയിൽ കമല പറഞ്ഞു മനസ്സിലാക്കി. ആ മഹ
തിയുടെ പ്രസംഗം സശ്രദ്ധം ശ്രവിച്ചുകൊണ്ടിരുന്ന
ഒരു വൃദ്ധൻ പ്രസംഗം അവസാനിച്ചപ്പോഠം കൂപ്പു
കൈകളോടുകൂടെ അവരെ സമീപിച്ചിട്ടു "ദേവി!
എനിയ്ക്കു സ്വദേശി ധരിക്കുവാൻ അതിയായ ആ
ഗ്രഹം ഉണ്ട്. എന്നാൽ വില കൊടുത്തു വാങ്ങി
ധരിയ്ക്കുവാനുള്ള ധനസ്ഥിതി എനിയ്ക്കില്ല;" എന്നു
പറഞ്ഞു. ആ വൃദ്ധൻെറ വാക്കുകഠം കേട്ടു ആൎദ്രചി
ത്തയായ കഥാനായിക ഉടൻതന്നെ പത്തുറുപ്പിക
അയാഠംക്കു കൊടുത്തിട്ട് "ഈ പണംകൊണ്ടു
സ്വദേശി വാങ്ങി ധരിക്കുകയും, വിദേശവസ്ത്രം

തീയിലിട്ടു നശിപ്പിക്കുകയുംചെയ്യു" എന്നു പറഞ്ഞു. വേറൊരവസരത്തിൽ പ്രയാഗയിലുള്ള ഒരു തെരുവിൽക്കൂടെ കാറിൽ സഞ്ചരിച്ചിരുന്ന കമല ഒരു ഷാപ്പിൻെറ വാതുക്കൽ ഇറങ്ങി. തലവസരത്തിൽ ആ ഷാപ്പുടമസ്ഥനോടു ഭിക്ഷയാചിച്ചുകൊണ്ടിരുന്ന ഒരു ഭിക്ഷക്കാരി അവരെ സമീപിച്ചു. ഭിക്ഷക്കാരിയുടെ ദയനീയസ്ഥിതി കണ്ടിട്ടു കഥാനായികയുടെ നയനങ്ങൾ അശ്രുകലുഷിതങ്ങളായിത്തീൻു. അവർ ഉടൻതന്നെ ഒരു ഉറുപ്പിക കൊടുത്തു ഭിക്ഷക്കാരിയെ യാത്രയാക്കി. ഈവിധത്തിലുള്ള അനേകം ഉദാഹരണങ്ങൾ കഥാനായികയുടെ ദയാശീലത്തിനു തെളിവുകളായി കാണാൻ കഴിയും.

ഭാരതീയരുടെ സ്മൃതിപഥത്തിൽനിന്നു് ഒരിക്കലും മാഞ്ഞുപോകാത്ത ഒരു കാലഘട്ടമാണു 1931. നാടു മുഴവൻ സ്വാതന്ത്ര്യസമരം ഉജ്ജ്വലമായി നടന്നുകൊണ്ടിരിക്കുന്നു. ആയിരക്കണക്കിനു സ്ത്രീപുരുഷന്മാർ നിത്യവും അന്ധകാരം നിറഞ്ഞ കാരാഗൃഹങ്ങൾക്കുള്ളിലേക്കു ത്വരിതഗമനംചെയ്തുകൊണ്ടിരിക്കുന്നു. ഭാരതത്തിലെ ജയിലുകളെല്ലാം നിറഞ്ഞുകഴിഞ്ഞപ്പോൾ അനന്തരകരണീയം എന്തെന്നറിയാതെ ഗവൎമ്മെൻറു കുഴങ്ങുവാൻ തുടങ്ങി. ദിവസംപ്രതി ആബാലവൃദ്ധം ജനങ്ങളടങ്ങിയ ഘോഷയാത്രകൾ പട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലും യഥേഷ്ടം ചുററിസഞ്ചരിക്കുന്നു. അവരുടെ മുദ്രാവാക്യങ്ങൾകൊണ്ടു് ആകാശം മാറെറാ

ലിക്കൊള്ളുന്നു. ചില സ്ഥലങ്ങളിൽ പോലീസു കാർ ലാത്തിപ്രഹരം നടത്തുന്നു; മററു ചില സ്ഥലങ്ങളിൽ നിരായുധരായ ജനസംഖ്യയത്തിന്റെ നേരെ കുതിരയെ ഓടിക്കുന്നു. മോതിലാൽജിയെ ശിക്ഷിച്ചു ജയിലിനുള്ളിലടച്ച കഥ വായനക്കാർ ഓർമ്മിക്കുന്നുണ്ടല്ലൊ. ജയിൽവാസമാരംഭിച്ചതോടു കൂടി അദ്ദേഹത്തിനു കാസരോഗം ഉണ്ടാകുകയും, തുപ്പലിൽ രക്തത്തിന്റെ മയം കാണാൻ തുടങ്ങുകയും ചെയ്തു. തന്നിമിത്തം അദ്ദേഹം ബന്ധനമുക്തനാക്കപ്പെട്ടു. മോതിലാൽജി ആനന്ദഭവനത്തിൽ എത്തി ചികിത്സയിൽ ഏർപ്പെട്ടു വിശ്രമിക്കുവാൻ തുടങ്ങി.

അക്കാലത്തു മററു പട്ടണങ്ങളിലെന്നപോലെ പ്രയാഗയിലും ദിവസേന ഘോഷയാത്രകൾ നടന്നുകൊണ്ടിരുന്നു. പ്രയാഗയിലുള്ള ചില പ്രത്യേക തെരുവുകളിൽകൂടെ ഘോഷയാത്രകൾ നിരോധിച്ചു കൊണ്ടു ഗവമ്മേൻറ് ഒരു കല്പന പുറപ്പെടുവിച്ചിരുന്നു. ഈ നിരോധനാജ്ഞ ലംഘിക്കുവാൻ കോൺഗ്രസ്സുകാർ ഒരുങ്ങി. ഘോഷയാത്ര പുറപ്പെട്ടു നിരോധിച്ചിട്ടുള്ള സ്ഥലങ്ങളിൽ എത്തുമ്പോൾ പോലീസുകാർ തടഞ്ഞുനിത്തുക പതിവായിത്തീന്നു. ഒരു ദിവസം കഥാനായികയുടെ നേതൃത്വത്തിൽ ഒരു വലിയ ഘോഷയാത്ര പുറപ്പെട്ടു. ആ ഘോഷയാത്രയിൽ അൻപതിനായിരത്തിലധികം ജനങ്ങൾ

പങ്കെടുത്തിരുന്നു. ബാൻറ് മുതലായ വാദ്യഘോഷങ്ങളോടുകൂടി ത്വരിതഗമനംചെയ്തുകൊണ്ടിരുന്ന ആ ഘോഷയാത്ര കണ്ടാൽ, സുന്ദരവും ഭീകരവുമായ ഒരു ശബ്ദവാഹിനി ഒഴുകിപ്പോകുകയല്ലെ എന്നുള്ള സന്ദേഹം പ്രേക്ഷകക്ക് ഉണ്ടാകുമായിരുന്നു. ഈ ജൈത്രയാത്ര "അൽബർട്ട്" റോഡിൽ എത്തിയപ്പോൾ പോലീസ് അതിനെ തടഞ്ഞുനിൎത്തി. ജനങ്ങൾ ശാന്തരായി റോഡിൽ ഇരുന്നു സത്യാഗ്രഹം ആരംഭിച്ചു. അൎദ്ധരാത്രിവരെ ഇരുപക്ഷക്കാരും എതൃത്തുകൊണ്ടുതന്നെ ഇരുന്നു. ഈ വാൎത്ത രോഗ്ഗാവലംബിയായിരുന്ന മോതിലാലിൻെറ കണ്ണുകളിൽ പതിഞ്ഞു. അദ്ദേഹം ഉടൻതന്നെ കാറിൽ കയറി സംഭവസ്ഥലത്തെത്തി. വളരെനേരമായി നാലുവശവും വേലികെട്ടിയതുപോലെ നിന്നിരുന്ന പോലീസ് വലയത്തെ ഭേദിച്ചുകൊണ്ടു് അദ്ദേഹം ഉള്ളിൽ പ്രവേശിക്കുകയും, ഘോഷയാത്രയോടുകൂടെ മുമ്പോട്ടു ഗമിക്കുകയും ചെയ്തു. മോതിലാലിനു തൻെറ പുത്രവധുവിനോടു് ഉണ്ടായിരുന്ന സ്നേഹത്തിൻെറ ഒരുദാഹരണം മാത്രമാണിതു്. ശ്വശ്രുരൻെറയും, ശ്വശ്രുവിൻെറയും അകൈതവമായ സ്നേഹാദരങ്ങൾ കഥാനായികയ്ക്കു ലഭിച്ചിട്ടുള്ളതുപോലെ അന്യ മഹിളകൾക്കു ലഭിച്ചിട്ടുണ്ടോ എന്നു സംശയമാണു്.

# ൭. ജയിൽവാസം.

അക്കാലത്തു നികുതി നിഷേധ പ്രസ്ഥാനവും ശക്തിമത്തായിത്തന്നെ നടന്നുകൊണ്ടിരുന്നു. ഈ പ്രക്ഷോഭം യു. പി. യിലാണു് ഏററവും കൂടുതൽ വിജയപ്രദമായിത്തീൎന്നതു്. യു. പി. യിലെ ധൎമ്മഭടന്മാരിലധികംപേരും ഈ പ്രക്ഷോഭത്തിൽ ശിക്ഷിച്ചു ജയിലിലിലടയ്ക്കപ്പെട്ടവരാണു്. അലഹബാദായിരുന്നു പ്രക്ഷോഭണകേന്ദ്രം. ഈ പ്രക്ഷോഭണം വിജയപ്രദമാക്കിത്തീൎക്കുവാൻവേണ്ടി ഗ്രാമങ്ങൾതോറും നേതാക്കന്മാർ സഞ്ചരിച്ചുകൊണ്ടിരുന്നു. നേതാക്കന്മാരുടെ അടിക്കടിയുള്ള സന്ദൎശനംകൊണ്ടും, ഉത്തേജനങ്ങൾകൊണ്ടും, ഗ്രാമീണരിൽ ഒരു നവചൈതന്യം ഉളവായിക്കൊണ്ടിരുന്നു. കഥാനായിക നികുതിനിഷേധപ്രസ്ഥാനത്തിൽ ഒരു പ്രധാന പങ്കാണു വഹിച്ചിരുന്നതു്. അവർ ഗ്രാമങ്ങൾതോറും ചുററിസഞ്ചരിച്ചു ജനങ്ങളെ പ്രോത്സാഹിപ്പിച്ചുവന്നു. തണുപ്പിനേയോ, ചൂടിനേയോ അല്പംപോലും ഗണ്യമാക്കാതെ, ഗ്രാമങ്ങളിൽ സഞ്ചരിച്ചു വന്നിരുന്ന അവരുടെ ആരോഗ്യം പ്രതിദിനം ക്ഷയിക്കുവാൻ തുടങ്ങി. ഏതൊരു കഷ്ടതകളേയും ധൈൎയ്യപൂൎവ്വം സഹിച്ചുവന്നിരുന്ന ആ മഹതിക്കു് പരദുഃഖം കണ്ടു സഹിച്ചിരിക്കുന്നതിനുള്ള ശക്തി ഉണ്ടായിരുന്നില്ല.

സ്വയം നിരാഹാരയായി സഞ്ചരിച്ചിരുന്ന കഥാനായിക മററുള്ള ധർമ്മഭടന്മാരുടെ ആഹാരകാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു വന്നിരുന്നു. തന്നിമിത്തം ധർമ്മഭടന്മാർ അവരെ സ്വന്തം മാതാവിനെപ്പോലെ സ്നേഹിക്കുകയും പൂജിക്കുകയും ചെയ്തു വന്നു. ഇങ്ങനെ സമസൃഷ്ടിസ്നേഹവും ഭ്രാതഭയയ്യുമുള്ള മഹിളാരത്നത്തിൻെറ വാക്കുകൾ മാനിക്കാത്തവരാരാണുള്ളതു്? അല്പകാലത്തിനുള്ളിൽ കമല ഗ്രാമീണരുടെ ആരാധ്യ വനിതയായിത്തീൎന്നു. ഗ്രാമീണർ ആ സ്നേഹമൂർത്തിയുടെ ആംഗ്യം അനുസരിച്ചു പ്രാണനെപ്പോലും ഉപേക്ഷിക്കുവാൻ തയാറായിത്തീൎന്നു. അലഹബാദിലുള്ള ഗ്രാമപ്രദേശങ്ങളിലെ ഗ്രാമീണരിൽ കമലയ്ക്കുണ്ടായിരുന്ന സ്വാധീനം പണ്ഡിത് ജവഹർലാലിനുപോലും പ്രാപ്തമായിരുന്നില്ല. ഒരു ഗ്രാമത്തിൽ കഥനായിക പ്രസംഗത്തിനുപോയ അവസരത്തിൽ അച്ചരെ ബന്ധനത്തിലാക്കി. ഗ്രാമീണരെ ഗവൎമ്മെൻറിനു് എതിരായുള്ള പ്രക്ഷോഭണങ്ങളിലേക്കു് പ്രേരിപ്പിക്കുന്നു എന്നുള്ള കുററം ചുമത്തി കഥാനായികയെ അനവധി നാൾവരെ ലഖ്നൌ ജയിലിൽ പാൎപ്പിച്ചു.

# ൯. മോതിലാലിന്റെ മരണം.

കോൺഗ്രസ്സും ഗവമ്മേൻറുമായി സന്ധി ആലോചനകൾ നടന്നുകൊണ്ടിരുന്നപ്പോൾ മോതിലാലിന്റെ സുഖക്കേടു മൂൎദ്ധന്യദശയെ പ്രാപിച്ചിരുന്നു. അദ്ദേഹത്തിന്റെ രോഗവൎത്തമാനം ഭാരതീയരെ ആകമാനം ഉൽക്കണ്ഠാകുലരാക്കിത്തീൎത്തു ഈ സമയത്തു പണ്ഡിതജിയും പത്നിയും ജയിലിനുള്ളിലായിരുന്നു. ജനങ്ങൾ കൂട്ടിയ പ്രക്ഷോഭണഫലമായി ഗവമ്മേണ്ടു കമലയെ മോചിപ്പിച്ചു. ആനന്ദഭവനത്തിൽ എത്തിയ ഉടൻതന്നെ കഥാനായിക ശ്വശുരന്റെ ശുശ്രൂഷയിൽ ഏൎപ്പെട്ടു. ഇതിനിടയിൽ കോൺഗ്രസ്സും ഗവമ്മേൻറുമായുണ്ടായ താല്ക്കാലിക സന്ധി അനുസരിച്ചു രാഷ്ട്രീയതടവുകാരെല്ലാം മോചിപ്പിക്കപ്പെട്ടു. ബന്ധനമുക്തനായ ഉടൻതന്നെ ജവാഹർലാൽജിയും പിതൃസന്നിധിയിൽ എത്തിച്ചേൎന്നു ആ അവസരത്തിൽ കോൺഗ്രസ്സ് പ്രവൎത്തകസമിതി പ്രയാഗയിൽ സമ്മേളിക്കുന്നതിനു നിശ്ചയിച്ചിട്ടുണ്ടായിരുന്നു. തദനുസരണം പ്രയാഗയിൽ പ്രമുഖ നേതാക്കന്മാരെല്ലാം എത്തിച്ചേൎന്നു. മഹാത്മജിയും സരോജിനി നായിഡുവും കാലേക്കൂട്ടി ആനന്ദഭവനത്തിൽ എത്തിയിട്ടുണ്ടായിരുന്നു. എക്സ്റേ പരിശോധനയ്ക്കുവേണ്ടി മോതിലാലിനെ ലഖ്നൌവിലേക്കു കൊണ്ടു

പോയി. എന്നാൽ അദ്ദേഹം അവിടെവച്ചു ചരമമടയുകയാണുണ്ടായതു്. മോതിലാൽജിയുടെ നിര്യാണത്തിൽ കമലയ്ക്കു് അത്യധികം ദുഃഖമുണ്ടായി. വാത്സല്യനിധിയായ ശ്വശുരൻെറ വിയോഗം സ്വന്തം പിതാവിൻെറ വിയോഗംപോലെയാണു് അവൾക്കനുഭവപ്പെട്ടതു്.

സന്ധി അനുസരിച്ചു മഹാത്മജി യൂറോപ്പിലേക്കു് പുറപ്പെടുകയും, താല്ക്കാലികമായി ഭാരതത്തിൽ പ്രക്ഷോഭങ്ങളെല്ലാം നിൎത്തിവയ്ക്കുകയും ചെയ്തു ഇക്കാലത്തു പണ്ഡിത് ജവാഹർലാൽ ഐക്യസംസ്ഥാനം മുഴുവൻ ചുററിസഞ്ചരിക്കുകയും, സന്ധിനിയമങ്ങളെ പാലിക്കണമെന്നു ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും ചെയ്തുവന്നിരുന്നു. കഥാനായികയും ഭർത്തൃപാദങ്ങളെത്തന്നെ അനുഗമിച്ചു. പ്രക്ഷോഭണത്തിൽ ആദ്യന്തം ഒരുപോലെ പങ്കെടുക്കുകയും, ദീൎഘമായ അനേകം യാത്രകൾ ചെയ്യുകയും, ജയിൽവാസം വരിക്കുകയും ചെയ്തിരുന്നതിനാൽ ജവാഹർലാലിനു ചില ദേഹാസ്വാസ്ഥ്യങ്ങൾ ഉളവായി കഥാനായികയുടെ ആരോഗ്യവും നശിച്ചുകൊണ്ടിരുന്നു. ആയതിനാൽ ആ ദമ്പതികൾ ആരോഗ്യലാഭത്തെ ഉദ്ദേശിച്ചു സിലോൺ യാത്രചെയ്തു. സിലോണിൽവെച്ചു് ഈ ദമ്പതിമാൎക്കു വല്യതായ സ്വീകരണം ഉണ്ടായി. സിലോൺ യാത്ര കഴിഞ്ഞു ജവാഹർലാലും പത്നിയും സ്വദേ

ത്തു് മടങ്ങിയെത്തിയപ്പോൾ ലണ്ടനിലെ വട്ടമേശസമ്മേളനം അവസാനിച്ചു. നാട്ടിൽ അങ്ങിങ്ങായി അശാന്തിയുടേയും, അതൃപ്തിയുടേയും ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ഗാന്ധിജി ലണ്ടനിൽനിന്നും മടങ്ങി മാൎഗ്ഗമദ്ധ്യേ എത്തിയപ്പോഴേയ്ക്കും ഭാരതത്തിൽ വീണ്ടും പ്രക്ഷോഭം ആരംഭിക്കപ്പെട്ടു. അതോടുകൂടി ജവാഹർലാൽ ബന്ധനത്തിലുമായി. ആരോഗ്യം തീരെ നശിച്ചിരിക്കുകയാണെങ്കിലും കഥാനായികയ്ക്കു് എങ്ങനെ വിശ്രമിക്കുവാൻ കഴിയും? അവർ വെയിലെന്നോ, കാററെന്നോ കരുതാതെ കൎമ്മക്ഷേത്രത്തിലേക്കിറങ്ങി. കോൺഗ്രസ്സ് പ്രക്ഷോഭത്തിൻെറ ശക്തി വൎദ്ധിച്ചതോടുകൂടെ ഗവൎമ്മേണ്ടിൻെറ മർദ്ദനപരിപാടിയും വൎദ്ധിച്ചു. അല്പകാലത്തിനുള്ളിൽ പ്രധാനപ്പെട്ട കോൺഗ്രസ്സ് നേതാക്കന്മാരെല്ലാം വീണ്ടും കാരാഗൃഹങ്ങൾക്കുള്ളിൽ അടയ്ക്കപ്പെട്ടു. പ്രക്ഷോഭം പൂൎവ്വാധികം ശക്തിയോടെ നാടെങ്ങും വ്യാപിച്ചു. ഈ പ്രാവശ്യം ഗവൎമ്മേണ്ടു പലയിടത്തും വെടിവയ്പ്പ്നടത്തി.

പ്രാരംഭകാലംമുതൽതന്നെ അലഹബാദ് പ്രക്ഷോഭണത്തിൻെറ ഒരു മുഖ്യ കേന്ദ്രമാണു്. പ്രവൎത്തകന്മാരെല്ലാം ജയിലിനുള്ളിലായി എന്നുതന്നെ പറയാം. കഥാനായികയും വിജയലക്ഷ്മി പണ്ഡിററും മാത്രം അവശേഷിച്ചു. കോൺഗ്രസ്സ് നിയമവിരുദ്ധമാണെന്നു ഗവൎമ്മേണ്ടു

പ്രഖ്യാപിച്ചു. കോൺഗ്രസ്സ് ആഫീസുകൾ സ്ഥാപിച്ചിരുന്ന കെട്ടിടങ്ങൾ എല്ലാം ഗവമ്മേണ്ട് അധീനത്തിലാക്കി. തന്നിമിത്തം ജനങ്ങൾ അപ്രത്യക്ഷരൂപത്തിൽ പ്രവൃത്തികൾ ചെയ്തുവന്നിരുന്നു. കഥാനായികയുടെ പ്രവത്തനങ്ങൾ ഉജ്ജ്വലിതമായ തോടുകൂടെ പോലീസ് അവരെ പിന്തുടരുവാൻ തുടങ്ങി. കമല പട്ടണങ്ങളിലും ഗ്രാമങ്ങളിലും സഞ്ചരിച്ചു ധമ്മഭടന്മാരെ സംഘടിപ്പിക്കുകയും, അവക്ക് ആഹാരസാധനങ്ങൾ എത്തിച്ചുകൊടുക്കുകയും ചെയ്തുവന്നിരുന്നു. അഹിംസാസിദ്ധാന്തത്തിൽ അടിയുറച്ചുനില്ക്കുന്നതിന്ന് അവർ ആളുകളെ ഉപദേശിച്ചുകൊണ്ടിരുന്നു. കമലയുടെ തീവ്രയത്നത്തിന്റെ ഫലമായി, ആ ഭയങ്കരമായ അവസരത്തിൽപോലും പ്രയാഗയിൽ പ്രശംസനീയമായ ഒരു സംഘടന ഉണ്ടായിരുന്നു. സ്ത്രീകളും പുരുഷന്മാരും ധമ്മഭടസംഘത്തിൽ ചേന്നുകൊണ്ടുതന്നെയിരുന്നു. ഗവമ്മേണ്ടിന്റെ 144-ാം വകുപ്പനുസരിച്ചുള്ള നിരോധനാജ്ഞ ലംഘിക്കാത്ത ഒരു ദിവസംപോലും പ്രയാഗയിൽ ഉണ്ടായിരുന്നില്ല. പല ദിവസവും ദേശഭക്തരായ ധമ്മഭടന്മാരെ പോലീസ് നിർദ്ദയം പ്രഹരിച്ചിരുന്നു. ഒരു ദിവസം "ചെയക്ക്" എന്ന സ്ഥലത്തുനിന്നും അനേകം പേരടങ്ങിയ ഒരു ഘോഷയാത്ര പുറപ്പെട്ടു. ആ സംഘത്തിൽ സ്ത്രീകളും ധാരാളം ഉണ്ടായിരുന്നു കഥാനായികയാണു ഘോഷയാത്ര നയിച്ചിരുന്നതു്.

കുറച്ചുദൂരം പോയപ്പോൾ പോലീസ് അതിനെ തടഞ്ഞുനിൎത്തി. ഈ കാഴ്ച കാണുവാൻവേണ്ടി നിരവധി ജനങ്ങൾ റോഡിൻെറ ഇരുവശങ്ങളിലും തിങ്ങിക്കൂടി. പോലീസ് ഒരു വേലി കെട്ടിയതു പോലെ നിന്നുകൊണ്ടു സ്ത്രീകളെ പ്രത്യേകമാക്കി. തദനന്തരം ആൾക്കൂട്ടത്തിൻെറ നേരെ നിർദ്ദയമായി ലാത്തിപ്രഹരം നടത്തുവാൻ തുടങ്ങി. അതുകൊണ്ടും സംതൃപ്തരാകാതിരുന്ന ഹൃദയശൂന്യരായ പോലീസ് അധികൃതർ ജനക്കൂട്ടത്തിനിടയിൽക്കൂടെ കുതിരയെ ഓടിച്ചു.

ഈ സംഭവം അലഹബാദു നിവാസികളിൽ അഭൂതപൂൎവ്വമായ ആവേശവും വാശിയും ഉളവാക്കി. ജനങ്ങളിൽ ഉണർവും വാശിയും വൎദ്ധിച്ചുതോട്ടുകൂടി, പിന്നീടു ജനക്കൂട്ടത്തെ പിരിച്ചുവിടുവാൻ പോലീസിനു വെടിവെയ്പുതന്നെ നടത്തേണ്ടിവന്നു. അക്കാലങ്ങളിൽ കഥാനായികയുടെ ധൈൎയ്യവും, ജനസാമാന്യത്തെ നിയന്ത്രിക്കുന്നതിനുള്ള ശക്തിയും ഏതൊരു വലിയ രാഷ്ട്രീയനേതാവിനേയും അതിശയിപ്പിക്കത്തക്കവിധത്തിലായിരുന്നു. ധൎമ്മഭടന്മാരേയും, ജനസംഘത്തേയും അക്രമരഹിതരാക്കിത്തീൎക്കുന്നതിൽ കമല പ്രദൎശിപ്പിച്ച പാടവം നിസ്തുല്യംതന്നെയാണ്. രാത്രി എന്നോ, പകലെന്നോ ഉള്ള വ്യത്യാസം കൂടാതെ ആ മഹതി മിന്നൽപിണർ എന്നപോലെ എവി

ടേയും പാഞ്ഞെത്തിക്കൊണ്ടിരുന്നു. സത്യാഗ്രഹികാംക്ക് അഭയം നല്കുകയൊ, അവരെ ഏതെങ്കിലും വിധത്തിൽ സഹായിക്കുകയൊ ചെയ്യുന്നതുതന്നെ നിയമവിരുദ്ധമായിരുന്നു. എന്നാൽ കമലാനെഹറു ഗവമ്മേൻറിൻെറ ഈ വക ഭീഷണികളെ തൃണവൽഗണിച്ചുകൊണ്ടു സത്യാഗ്രഹികാംക്ക് എല്ലാവിധ സൌകയ്യങ്ങളും ചെയ്തുകൊടുത്തിരുന്നു.

## ൻ. പ്രവത്തകസമിതിയി

ഗവമ്മേൻറിൻെറ മൃഗീയമായ മർദ്ദനപരിപാടി തുടൎന്നുകൊണ്ടുതന്നെഇരുന്നു. കോൺഗ്രസ്സ് പ്രവത്തകസമിതിയിലെ പ്രധാന അംഗങ്ങളെല്ലാം ജയിലിനുള്ളിലായി. ശേഷിച്ചിരുന്ന അല്പം ചില ആളുകളെ പോലീസ് അന്വേഷിച്ചുകൊണ്ടുമിരുന്നു തദവസരത്തിൽ കഥാനായിക കോൺഗ്രസ്സിലെ ഒരു സാധാരണ അംഗം മാത്രമായിരുന്നു. അവരുടെ സേവനൌത്സുക്യത്തിൽ ആകൃഷ്ടരായിത്തീൎന്ന ജനങ്ങൾ അവരെ പ്രവത്തക സമിതിയിലെ ഒരംഗമായി ഐകകണ്ഠ്യേന തിരഞ്ഞെടുത്തു.

ബോംബയിലെ "ചൌപാത്തി" എന്ന മൈതാനത്തുനിന്നു വളരെ വലുതായ ഒരു ഘോഷയാത്ര

പുറപ്പെട്ടു. മുൻനിശ്ചയമനുസരിച്ചു പ്രവൎത്തകസമിതിയിലെ അംഗങ്ങൾ എല്ലാം അതിൽ പങ്കെടുത്തിരുന്നു. കഥാനായികയും ഈ ഘോഷയാത്രയിൽ സംബന്ധിച്ചിരുന്നു. ഘോഷയാത്ര കുറച്ചുദൂരം പുരോഗമിച്ചപ്പോഴേയ്ക്കും പോലീസ് അതിനെ തടഞ്ഞു. ഏകദേശം അറുപതിനായിരത്തിൽപരം ആളുകൾ ഈ ഘോഷയാത്രയിൽ പങ്കെടുത്തിരുന്നു. ഇത്ര വലുതായ ഒരു ഘോഷയാത്ര ഇതിനുമുമ്പു ബോംബെ പട്ടണത്തിൽ ഉണ്ടായിട്ടില്ലെന്നാണു പറയപ്പെടുന്നതു്. പോലീസ് തടഞ്ഞപ്പോൾ ജനങ്ങൾ ശാന്തരായി റോഡിൽ ഇരുന്നു. ഈ അവസരത്തിൽ പോലീസ് അവരുടെമേൽ ലാത്തിചാൎജ്ജ്നടത്തി. ഈ പ്രഹരത്തിൽ കമലയ്ക്കും സാരമായ പരുക്കുകൾപററി. എന്നാൽ ഇവിടെ വച്ചും ആ മഹതി പ്രദൎശിപ്പിച്ച ധൈൎയ്യം കാണികളെ ആശ്ചൎയ്യഭരിതരാക്കിത്തീൎത്തു. പ്രക്ഷോഭണം നടന്നുകൊണ്ടുതന്നെയിരുന്നു. ക്രമേണ ധൎമ്മഭടന്മാരെല്ലാം ജയിലിനുള്ളിലടയ്ക്കപ്പെട്ടു. ശേഷിച്ചിരുന്ന അല്പം ചിലൎക്കു സമരം നയിച്ചുകൊണ്ടുപോകുന്നതിനുള്ള ധൈൎയ്യം ഇല്ലാതിരുന്നതു നിമിത്തം പ്രക്ഷോഭം ക്രമേണ മന്ദീഭവിക്കുവാൻ തുടങ്ങി.

കഥാനായിക രോഗബാധിതയായി വീണ്ടും ആനന്ദഭവനത്തിലെ ശയ്യയെ അഭയം പ്രാപിച്ചു. പഴയ രോഗം ഭയങ്കര രൂപത്തിൽ ആ മഹതിയെ ആക്രമിച്ചു. ദിനരാത്രമെന്ന ഭേദമില്ലാതെ കഥാ

നായിക ചെയ്ത അത്യദ്ധ്വാനമാണ് അവരുടെ മൃദുല കോമളമായ തനുവല്ലരിയിൽ രോഗാണുക്കൾക്കു പ്രവേശനം നല്കിയതു്. ആ സമയത്തു ജവാഹർലാലിന്റെ മാതാവായ സ്വരൂപറാണിയും രോഗശയ്യയിൽതന്നെ ആയിരുന്നു. അവർ ഇരുവരുടേയും ചികിത്സാർത്ഥം ഡോക്ടർ വിധാൻ ചന്ദ്രറായ് കൽക്കത്തയിൽനിന്നും പ്രയാഗയിലെത്തി. ജവാഹർലാൽ ജയിലിനുള്ളിലായിരുന്നു. മാതാവിന്റേയും പത്നിയുടേയും രോഗം മൂർദ്ധന്യദശയിലെത്തിയപ്പോൾ ഏതാനും നാളത്തേക്കു പണ്ഡിതജിയെ ബന്ധനമുക്തനാക്കി. നിരന്തരമായ ചികിത്സകളുടെ ഫലമായി കമല ക്രമേണ സുഖം പ്രാപിക്കുവാൻ തുടങ്ങി. അല്പസുഖമുണ്ടെന്നു കണ്ടപ്പോൾ അവർ വീണ്ടും രാഷ്ട്രീയ സംരംഭങ്ങളിൽ ഏർപ്പെട്ടു.

കുറച്ചുകാലം കഴിഞ്ഞപ്പോൾ മഹാത്മാഗാന്ധി സത്യാഗ്രഹ പ്രസ്ഥാനം അനിശ്ചിതകാലത്തേക്ക് നിർത്തിവെച്ചു. തന്നിമിത്തം രാഷ്ട്രീയ തടവുകാരെ എല്ലാം മോചിപ്പിച്ചു. എന്നാൽ ജവാഹർലാൽ നെഹറുവിനു അല്പദിവസത്തേക്കു മാത്രമേ സ്വാതന്ത്ര്യവായു അനുഭവിക്കുന്നതിനുള്ള ഭാഗ്യമുണ്ടായിരുന്നുള്ളു. കൽക്കത്തയിൽവച്ച് അദ്ദേഹം ചെയ്തു ഒരു പ്രസംഗത്തെ അടിസ്ഥാനമാക്കി അദ്ദേഹത്തെ വീണ്ടും അറസ്റ്റ് ചെയ്യുകയും, രണ്ടുകൊല്ലം ശിക്ഷിച്ചു ജയിലിനുള്ളിൽ അടക്കുകയുംചെയ്തു. ജവാഹർലാൽ

ബന്ധനത്തിലായി അല്പംനാഠം കഴിഞ്ഞപ്പോഠം ബീഹാറിൽ ഭയങ്കരമായ ഒരു ഭൂകമ്പമുണ്ടായി. ഭൂകമ്പംനിമിത്തം നിരവധി ജനങ്ങഠം ഭവനരഹിതരും, അനാഥരുമായിത്തീന്ന അശരണരും, നിസ്സഹായരുമായ ജനങ്ങളെ സഹായിക്കുവാൻവേണ്ടി കഥാനായിക വീടുതോറും ചുററി സഞ്ചരിച്ചു വലുതായ ഒരു സംഖ്യ പിരിച്ചുണ്ടാക്കി. ഈ മഹനീയ കൃത്യത്തിലേപ്പെട്ടിരുന്ന കമല വീണ്ടും രോഗഗ്രസ്തയായിത്തീന്നു. രോഗശയ്യയെ ശരണം പ്രാപിച്ചിരുന്ന കമലയുടെ രോഗം നാഠംക്കുനാഠം വദ്ധിക്കുവാൻ തുടങ്ങി. ഈ അവസരത്തിൽ അവരുടെ ചികിത്സക്കുവേണ്ടി ഡോക്ടർ "അടൽ" നിയോഗിക്കപ്പെട്ടു. നിരന്തരമായുള്ള ചികിത്സകളുടെ ഫലമായി അവക്ക് എഴുന്നേല്ക്കാനും നടക്കാനും സാധിച്ചു.

ഈ സമയത്തു പ്രയാഗയിൽ കോൺഗ്രസ്സ് കമ്മററി തിരഞ്ഞെടുപ്പ് അഭൂതപൂവ്വമായ ഒരു വാശിയോടെ കാണപ്പെട്ടു. രണ്ടു കക്ഷികഠം ഉത്ഭവിക്കുകയും, അവർ പരസ്പരം ലജ്ജാവഹമായ ആക്ഷേപങ്ങഠം പുറപ്പെടുവിക്കുകയും ചെയ്തുകൊണ്ടിരുന്നു. കഥാനായിക ഒരു കക്ഷിയിലും പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നില്ല. എന്നാൽ "നെഹറുകക്ഷി നശിക്കട്ടെ, മാളവ്യാ കക്ഷി ജയിക്കട്ടെ" എന്നുള്ള മുദ്രാവാക്യങ്ങളോടുകൂടിയ ഒരു വിജ്ഞാപനം കുബുദ്ധികളായ ചിലർ ചേന്നു പ്രസിദ്ധം ചെയ്തിട്ടുണ്ടാ

യിരുന്നു. വാസ്തവത്തിൽ നെഹറുകുടുംബത്തിനു കളങ്കമുണ്ടാക്കാൻ ശ്രമിക്കുന്നതു സൂര്യനു കളങ്കമുണ്ടാക്കാൻ ശ്രമിക്കുന്നതിനു തുല്യമാണ്. പക്ഷെ, ഈർഷ്യയും അസൂയയും, ഭാരതീയക്കു പുരാതനകാലംമുതൽക്കെയുള്ള ഒരു പ്രത്യേക വിശേഷമാണല്ലൊ!. ഈ വിജ്ഞാപനം കഥാനായികയുടെ ദൃഷ്ടികളിലുംപെട്ടു. ഇതും കണ്ടുകൊണ്ടു സഹിച്ചിരിക്കുന്നതിനുള്ള ശക്തി അഭിമാനോജ്ജ്വലയായ ആ മഹതിക്കുണ്ടായിരുന്നില്ല. അവർ രണ്ടു ദിവസം പുറത്തിറങ്ങി സഞ്ചരിച്ചപ്പോഴേക്കും അന്തരീക്ഷം പാടെ മാറി കോൺഗ്രസ്സ് തിരഞ്ഞെടുപ്പിൽ നെഹറുകക്ഷിതന്നെ ജയിച്ചു. എതുകക്ഷിക്കാർ ലജ്ജിതരും അപമാനിതരുമായിത്തീൎന്നു. എന്നാൽ രണ്ടു ദിവസം പുറത്തിറങ്ങി സഞ്ചരിച്ചപ്പോഴേക്കും കമലയുടെ രോഗം വീണ്ടും കരാളരൂപംപൂണ്ടു. അവരുടെ സ്ഥിതി ഉൽക്കണ്ഠാജനകമെന്നു കണ്ടപ്പോൾ ഗവമ്മേൻറ് ജവാഹർലാലിനെ കുറച്ചുദിവസത്തേക്ക് ബന്ധനമുക്തനാക്കി. ജവാഹർലാൽ 7 ദിവസംമാത്രം പത്നിയുടെ ശുശ്രൂഷയിൽ ഏൎപ്പെട്ടതിനുശേഷം വീണ്ടും ജയിലിലേക്കുപോയി.

# ൧൦. ചരമം

കഥാനായികയുടെ സ്ഥിതി ആശങ്കാജനകമായിത്തീൎന്നു. അതിനാൽ ഡോക്ടർമ്മാരുടെ ഉപദേശമനുസരിച്ചു പുത്രിയായ ഇന്ദിരയോടും, അവരെ ചികിത്സിച്ചുകൊണ്ടിരുന്ന ഡോക്ടരോടുംകൂടി കഥാനായിക സ്വിട്സർലണ്ടിലേക്കു പുറപ്പെട്ടു. ഈ പ്രാവശ്യം ലൂസാനിലുള്ള "വേഡേൻവല്ലിർ" സാനെട്ടോറിയത്തിലാണ് അവരുടെ ചികിത്സ ആരംഭിച്ചതു്. കൂടെക്കൂടെ രോഗത്തിനു ശമനമുണ്ടാകുകയും, കൂടെക്കൂടെ അതു ഗുരുതരമായിത്തീരുകയുംചെയ്തുകൊണ്ടിരുന്നു. അവരുടെ രോഗവിവരം അറിഞ്ഞു ജനങ്ങൾ ദുഃഖപരവശരായിത്തീൎന്നു. ഈ അവസരത്തിൽ ഭാരതത്തിന്റെ നാനാഭാഗത്തുനിന്നുമുണ്ടായ പ്രക്ഷോഭംനിമിത്തം ജവാഹർലാൽ ബന്ധനമുക്തനാക്കപ്പെട്ടു. അദ്ദേഹം ഉടൻതന്നെ വിമാനമാൎഗ്ഗം സ്വിട്സർലണ്ടിൽ എത്തിച്ചേൎന്നു. സ്വഭൎത്താവിനെ ദൎശിച്ച മാത്രയിൽ തന്നെ കമല സകലദുഃഖങ്ങളും മറന്നു് പ്രസന്ന വദനയായിത്തീൎന്നു. പണ്ഡിത്ജി പത്നിയുടെ ശുശ്രൂഷയിൽ തന്നെ നിരതനായി ദിവസങ്ങൾ കഴിക്കുവാൻ തുടങ്ങി. ഈ സമയത്താണു ജവാഹർലാൽ നെഹറുവിനെ ഭാരതത്തിൽ രാഷ്ട്രപതിയായി തിരഞ്ഞെടുത്തതു്. ഈ വാൎത്താശ്രവണമാത്രയിൽ

പതിവ്രതയും, ദേശഭക്തയുമായ കമല പറഞ്ഞതിപ്രകാരമായിരുന്നു. "അങ്ങ് എന്നെപ്പററി ചിന്തിക്കേണ്ട, സ്വദേശത്തുപോയി ഭാരതമാതാവിനെ ഉദ്ധരിക്കുന്ന കാൎയ്യത്തിൽ ഏപ്പെട്ടാലും." എന്നാൽ തൻെറ വലത്തു കയ്യെന്നോണം പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന സഹധൎമ്മിണിയെ പ്രേമവാരിധിയായ ജവാഹർലാൽ എങ്ങനെ ഉപേക്ഷിച്ചിട്ടുപോകും? കമലയുടെ രോഗത്തിനു ശമനമൊന്നും ഉണ്ടായില്ലെന്നു മാത്രമല്ല, രോഗം ദിനംദിനം വൎദ്ധിച്ചുകൊണ്ടുതന്നെയിരുന്നു കഥാനായികയുടെ ഈ സ്ഥിതി കണ്ടിട്ടു ജവാഹർലാലും അത്യന്തം ദുഃഖിതനായിത്തീൎന്നു. മനുഷ്യശക്തിക്കു കഴിയുന്നതെല്ലാം അദ്ദേഹം ചെയ്തു "അലംഘനീയ കമലാസനാജ്ഞ "എന്നുള്ള അവസ്ഥയിലാണു കാൎയ്യം അവസാനിച്ചതു്. 1936 ഫെബ്ര്വരി 28-ാം തീയതി കഥാനായിക ലൂസാനിൽവച്ചു് ഇഹലോകവാസംവെടിഞ്ഞു ആ വീരവനിതയുടെ ശവസംസ്കാരാദികൎമ്മങ്ങൾ അവിടെവച്ചു തന്നെ നിൎവ്വഹിക്കപ്പെട്ടു. അവിടെനിന്നും കമലയുടെ ശരീരത്തിൽ അൎപ്പണം ചെയ്തിരുന്ന പുഷ്പങ്ങളും എടുത്തുകൊണ്ടു സ്വപുത്രിയായ ഇന്ദിരയോടുകൂടെ ജവാഹർലാൽ ഭാരതത്തിലേക്കു മടങ്ങി.

പണ്ഡിത് ജവാഹർലാൽജി സ്വിററ്സർലണ്ടിൽനിന്നു പുറപ്പെട്ടിട്ടു് "ബമറെയലി" വിമാന

ത്താവളത്തിലാണു് ആദ്യമായി ഇറങ്ങിയതു്. തദവസരത്തിൽ കഥാനായികയുടെ കനിഷ്ഠസഹോദരനായ കൈലാസനാഥ്ജി അദ്ദേഹത്തെ ഗാഢാലിംഗനംചെയ്തുകൊണ്ടു് അശ്രുപ്രവാഹം നടത്താൻ ആരംഭിച്ചു. അതു കണ്ടിട്ടു് ആ സ്റ്റേഷനിൽകൂടി നിന്നിരുന്നവരെല്ലാം അവരറിയാതെതന്നെ കണ്ണുനീർ വാൎത്തു. അന്നുതന്നെ ആനന്ദഭവനത്തിൽനിന്നും ഒരു ഘോഷയാത്ര പുറപ്പെടുകയും, അതു മുഹമ്മദാലി പാൎക്കിൽ എത്തിയപ്പോൾ ഒരു സഭയായി രൂപാന്തരപ്പെടുകയും ചെയ്തു.

ഗ്രന്ഥശാല,
മലയിൻകീഴ്

അനേകായിരം ജനങ്ങൾ സംബന്ധിച്ചിരുന്ന ആ യോഗത്തിൽ പലരും കഥാനായികയുടെ ഗുണങ്ങളെ പ്രകീൎത്തിച്ചുകൊണ്ടു പ്രസംഗിക്കുകയുണ്ടായി സദസ്യരാകമാനം ശോകനിമഗ്നരായി കാണപ്പെട്ടിരുന്നു. ഇതിനുമുമ്പും അലഹബാദിൽ ചില അനുശോചനയോഗങ്ങൾ നടന്നിട്ടുണ്ടെങ്കിലും, ഇതുപോലെയുള്ള ഒരു ദുഃഖം ഒരിക്കലും കാണപ്പെട്ടിരുന്നില്ല. മുഹമ്മദാലി പാൎക്കിൽനിന്നും വീണ്ടും ഘോഷയാത്ര പുറപ്പെട്ടു ത്രിവേണിയിൽ എത്തി. പണ്ഡിത്ജി കമലയുടെ ശരീരത്തിൽ അൎപ്പണംചെയ്തിരുന്ന പുഷ്പങ്ങളും അവരുടെ അസ്ഥികളും ഗംഗയിൽ സമൎപ്പിച്ചു. ജവാഹർലാൽ

തിരമാലകളിൽ കമലയുടെ അന്തിമപുഷ്പങ്ങൾ വഷിച്ചുകൊണ്ടിരുന്ന ആ കാഴ്ച, ഏററവും കരുണാജനകമായ ഒന്നായിരുന്നു. ഭാരതമാതാവിൻെറ വക്ഷസ്സിനെ അലങ്കരിച്ചുകൊണ്ടിരുന്ന ഒരു മഹനീയ രത്നം അങ്ങനെ കാലത്താൽ അപഹരിക്കപ്പെട്ടു.

## ൧൧. ഉപസംഹാരം.

സൌഭാഗ്യങ്ങളുടെ മദ്ധ്യത്തിൽ ഉദയംചെയ്ത ഒരു മഹിളാരത്നമായിരുന്നു ശ്രീമതി കമലാനെഹറു. സാധാരണ ധനികകുടുംബങ്ങളിൽ ജനിക്കുകയൊ, വളരുകയൊ ചെയ്യാനിടയാകാറുള്ള സ്ത്രീകളിൽ കാണുന്ന അഹങ്കാരമൊ, ആഡംബരഭ്രമമൊ കഥാനായികക്കുണ്ടായിരുന്നില്ല. ദൃഢചിത്തയും വീരയുമായിരുന്ന കമല അത്യന്തം ദയാലുവുമായിരുന്നു. പരദുഃഖം കണ്ടിട്ട് ഇത്ര പെട്ടെന്ന് അലിയുന്ന മറെറാരു ഹൃദയമുണ്ടാകുമൊ എന്നുതന്നെ സംശയമാണ്. ഭത്താവിൻെറ പ്രേമഭാജനവും, ശ്വശുരൻേറയും ശ്വശ്രുവിൻേറയും കണ്ണിലുണ്ണിയുമായിരുന്നു കഥാനായിക. ഭത്താവിൻെറ ആവശ്യങ്ങളെ സ്വയം അറിഞ്ഞു പ്രവത്തിക്കുന്നതിൽ കമലയ്ക്കുണ്ടായിരുന്ന സാമത്ഥ്യം ഒന്നു വേറെതന്നെയായിരുന്നു. മഹാറാണിയെപ്പോലെ ജീവിതം

നയിച്ചിരുന്ന അവർ ഒരിക്കൽപോലും ഭൃത്യന്മാരേയോ, ഭൃത്യകളേയൊ ശകാരിച്ചിട്ടുള്ളതായി അറിവില്ല. പ്രത്യുത, ഭൃത്യവർഗ്ഗം കമലയുടെ ഏതൊരാജ്ഞയേയും സന്തോഷപുരസ്സരം നിർവ്വഹിക്കുന്നതിൽ സദാ ശ്രദ്ധാലുക്കളായിരുന്നു. ഗൃഹഭരണത്തിൽ കമല പ്രദർശിപ്പിച്ചിട്ടുള്ള പാടവം അന്യാദൃശംതന്നെയാണു്. സ്വയംനിയമങ്ങളെ അനുസരിയ്ക്കുകയും, മററുള്ളവരെന്നിയമാനുസരണം പ്രവർത്തിക്കുന്നതിനു കമല പ്രേരിപ്പിയ്ക്കുകയും ചെയ്തുവന്നിരുന്നു. താൻ ഏല്പെട്ടുന്നകാര്യം വിജയപൂർവ്വം അവസാനിപ്പിക്കുന്നതിനു ഹൃദയംഗമമായി പ്രവർത്തിക്കുക എന്നുള്ളതു് ആ അംഗനാരത്നത്തിൻെറ സ്വഭാവവൈശിഷ്ട്യങ്ങളിലൊന്നായിരുന്നു.

സാമാന്യമായ വിദ്യാഭ്യാസം മാത്രമെ കമലയ്ക്കുണ്ടായിരുന്നുള്ളു എന്നു് വരികിലും, സാഹചര്യം കൊണ്ടും, സ്വന്ത പരിശ്രമംകൊണ്ടും അവർ വിജ്ഞാനശകലങ്ങളെ ധാരാളമായി സമ്പാദിച്ചിട്ടുണ്ടായിരുന്നു. ദേശസേവനം ആ മഹതിയുടെ ജീവച്ഛ്വാസമായിരുന്നു. സ്വതേ മഹാരോഗത്തിൻെറ മുഷ്ടികളിൽപെട്ടു ഞെരിഞ്ഞുകൊണ്ടിരുന്ന കമലയുടെ സ്വാതന്ത്ര്യതൃഷ്ണതന്നെയല്ലേ ഇത്ര പെട്ടെന്നു് അവരെ മരണത്തിനിടയാക്കിയതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ദേശസേവനം അനുഷ്ഠിച്ചിട്ടുള്ള പുരുഷന്മാർ ഭാരതത്തിൽ വിരളമല്ലെങ്കിലും,

ദരിദ്രനാരായണന്മാരായ ഗ്രാമീണരുടെ ഉന്നമനത്തിനുവേണ്ടി ഹൃദയാർപ്പണം ചെയ്തിട്ടുള്ളവർ കഥാനായികയെപ്പോലെ മററാരും ഉണ്ടെന്നു തോന്നുന്നില്ല. ഗ്രാമീണരുടെ യഥാർത്ഥ സ്ഥിതി അറിയുവാനിടയായതുമുതൽ അവരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിയ്ക്കുക എന്നുള്ളതായിരുന്നു കഥാനായികയുടെ പ്രധാന ലക്ഷ്യം. ഹരിഭക്തിയെന്നും ലോകസേവനമെന്നും രണ്ടു പേരുകൾ പറയപ്പെട്ടുന്നുണ്ടെങ്കിലും, വാസ്തവത്തിൽ രണ്ടിന്റേയും അർത്ഥം ഒന്നുതന്നെയാണു്. ഒരുപക്ഷേ ഈ പരമാർത്ഥതത്വത്തെ മനസ്സിലാക്കിയിട്ടായിരിക്കാം ശ്രീമതി കമലാനെഹറുവിനു ഗ്രാമോദ്ധാരണവിഷയത്തിൽ കൂടുതൽ പ്രതിപത്തിയുണ്ടായതു്. സകല സൽഗുണങ്ങളുടേയും വിളനിലമായി, ഭാരതവാസികൾക്കാകമാനം കണ്ണിലുണ്ണിയായി, ആദർശനാരിയായി പ്രശോഭിച്ചുകൊണ്ടിരുന്ന കഥാനായികയുടെ പാവനനാമധേയം ഭക്തിയോടുകൂടെയല്ലാതെ ഏതൊരു ഭാരതീയനും സ്മരിയ്ക്കുവാൻ സാദ്ധ്യമല്ല. ആ മഹതിയുടെ ജീവിതം ഭാരതത്തിലെ അന്യ മഹിളകൾക്കും മാർഗ്ഗപ്രദർശകമായിത്തീരട്ടെ!!

ശുഭം

Printed at the Saraswathi (Elec) Pinrting & Publishing House, Trichur.

## ഗ്രന്ഥകത്താവിൻെറ ഇതരകൃതികൾ

### മലയാളം

കമലകുമാരി

പാവനകുസുമം

സരയൂബാലാ

പ്രേമാദർശം

സേവാശ്രമം

പ്രേമസദനം

മൂന്നു രത്നങ്ങൾ

മഹാത്മാഗാന്ധി

### ഹിന്ദി

വീര രമണിയാം

ഹിന്ദി വ്യാകരണകൌമുദി

3852

# ശ്രീമതി
# കമലാനെഹ്റു

H 219

വിദ്വാൻ, എ. എൻ. രാഘവൻ നായർ.

Indic Digital Archive Foundation
gpura.org